നം.കെഎസ്എ.കെടിഎം.പി.8/1120/19 തീയതി 27.08.2019

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **കടുത്തുരുത്തി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 30.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.07.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	**ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**	
ഓഡിറ്റിന് വിനിയോഗിച്ച സമയം	10.07.2019 മുതൽ 19.07.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി ഇന്ദുലേഖ എ.	ഓഡിറ്റ് ഓഫീസർ
	ശ്രീമതി സ്മിത ജി.നായർ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ.യോഗേഷ് ആർ.	ഓഡിറ്റർ
	ശ്രീ.ലൂക്കോസ് കുര്യൻ	ഓഡിറ്റർ
	ശ്രീ.ആൽബിൻ സിറിയക്	ഓഡിറ്റർ

നിർവഹണാധികാരികൾ

പ്രസിഡൻറ്	ശ്രീ പി വി സുനിൽ	01-04-18 മുതൽ 31-03-19 വരെ
ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)	ശ്രീമതി സിനി ആൽബർട്ട്	01-04-18 മുതൽ 31-03-19 വരെ
ചെയർപേഴ്സൺ (വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി)	ശ്രീ തോമസ്, വെട്ടുവഴിയിൽ	01-04-18 മുതൽ 31-03-19 വരെ
ചെയർപേഴ്സൺ (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി)	ശ്രീമതി തങ്കമ്മ ജോസഫ്	01-04-18 മുതൽ 31-03-19 വരെ
ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി)	ശ്രീ മാത്യു ജി. മുരിയ്ക്കൻ	01-04-18 മുതൽ 31-03-19 വരെ
സെക്രട്ടറി	ശ്രീ മാത്യു കെ. ഡാനിയൽ	01-04-18 മുതൽ 31-03-19 വരെ

മറ്റ് നിർവഹണോദ്യോഗസ്ഥർ

കൃഷി ഓഫീസർ	ശ്രീമതി ആഷ്‌ലി മാത്യൂസ്	01.04.18 മുതൽ 31.03.19 വരെ
അസി.സെക്രട്ടറി	ശ്രീ.രാജീവ് എസ്.കെ	01.04.18 മുതൽ 31.03.19 വരെ
ഹെഡ്മാസ്റ്റർ	ശ്രീ. പ്രകാശൻ കെ.	01.04.18 മുതൽ 31.03.19 വരെ
വെറ്ററിനറി സർജൻ	ഡോ. രാജി ജെയിംസ്	01.04.18 മുതൽ 31.03.19 വരെ
വി.ഇ.ഒ	ശ്രീ.ബിജുമോൻ വി. ടി.	
	ശ്രീമതി ഷീജാമോൾ ഇ. ആർ	01.04.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	ഡോ ജോഷി ദേവ്	01.04.18 മുതൽ 31.03.19 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി ഫ്രാൻസി സി.റ്റി.	01.04.18 മുതൽ 31.03.19 വരെ
അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി	ശ്രീമതി മീര പി.ഇ.	01.04.18 മുതൽ 31.03.19 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ. സെബാസ്റ്റ്യൻ ആന്റണി	01.04.18 മുതൽ 31.03.19 വരെ
മെഡിക്കൽ ഓഫീസർ,	ഡോ. ഇന്ദു സേവ്യർ	01.04.18 മുതൽ 31.03.19 വരെ

ആയുർവ്വേദം		
മെഡിക്കൽ ഓഫീസർ	ഡോ ജെസി സി. ജെയിംസ്	01.04.18 മുതൽ 31.03.19 വരെ

ഉള്ളടക്കം

ഖണ്ഡിക നമ്പർ	വിഷയം
ഭാഗം 1 പൊതു അവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം (റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം)
1-5	ഫണ്ട് വിനിയോഗം (വാർഷിക പദ്ധതി ഘടകങ്ങൾ)
1-6	പദ്ധതി അവലോകനം
1-7	തൊഴിലുറപ്പുപദ്ധതി
1-8	ക്ഷേമ പദ്ധതികൾ
1-9	ക്യാഷ് പരിശോധന
1-10	ആഭ്യന്തരനിയന്ത്രണം
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-12	വാർഷികകണക്കുകളിലെ അപാകതകൾ
ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1-1	ആരാധനാലയങ്ങൾക്ക് നികുതിയിളവ്- പ്രാർത്ഥനാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കെന്ന് ഉറപ്പ് വരുത്തേണ്ടതാണ്
2-1-2	ബി എസ് എൻ എൽ ടെലി-കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല
2-1-3	അസസ്സ്മെന്റിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം, കെട്ടിട അളവ് എന്നിവയിൽ അപാകത- പഞ്ചായത്തിന് നികുതി ചോർച്ച
2-2-1	തൊഴിൽ നികുതി- രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ
2-2-2	ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു
2-2-3	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
2-2-4	സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല
2-2-5	കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല
2-2-6	ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല
2-3-1	വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല
2-3-2	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല
2-4	ലേലം കൊണ്ട തുകയിൽ കിഴിവ് അനുവദിച്ചതിലെ അപാകത
2-5	ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് അപേക്ഷകൾ തീർപ്പാക്കുന്നില്ല
2-6	ഇ-ടെൻഡർ – ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല
2-7	കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു
ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	സ്ട്രീറ്റ്ലൈൻ വലിക്കൽ-പൂർത്തീകരണ തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല
3-2	ഓർഗാനിക് ഷ്രെഡ്ഡർ മെഷീനറി വാങ്ങൽ- മെഷീനറിയുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തില്ല
3-3	പഞ്ചായത്തോഫീസിലേക്ക് പ്രിന്റർ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല
3-4	ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ
3-5	അങ്കണവാടികൾ- വർക്കർമാർക്കും ഹെൽപ്പർമാർക്കും അധികവേതനം- ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയുടെ കൃത്യത പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തിയിട്ടില്ല
3-6	എസ്.സി വിഭാഗം/ എസ്.റ്റി വിഭാഗം പി.വി.സി വാട്ടർ ടാങ്ക്- ഗുണഭോക്തൃവിഭാഗം മുഴുവൻ തുകയും അടവാക്കാത്തത് സംബന്ധിച്ച്
3-7	സാന്ത്വന പരിചരണ പരിപാടി – രോഗി ബന്ധു സംഗമം മാർഗ്ഗരേഖ ലംഘനം - തുക അധികമായി ചെലവഴിച്ചു
3-8	മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്

3-9	പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു
3-10	സമഗ്ര തെങ്ങ് കൃഷി വികസനം- തെങ്ങുതൈവിതരണം ചെയ്യാത്തത് സംബന്ധിച്ച്
3-11	ലൈഫ് ഭവനപദ്ധതി- അവലോകനം
3-12	ജി എസ് റ്റി കുറവ് ചെയ്തിട്ടില്ല
3-13	കരാർലംഘനം നടത്തിയ കരാറുകാരനെതിരെ മരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല
3-14	വൃദ്ധർക്ക് വിശ്രമകേന്ദ്രം - നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല
3-15	ആശ്രയപദ്ധതി – പ്ലാൻഫണ്ട് തുകകൾ പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു
3-16	ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും റിക്കവറികൾ ഈടാക്കിയിട്ടില്ലാത്തതിനാൽ കരാറുകാർക്ക് അധിക തുക നൽകി
3-17	കടത്തുരുത്തി മിനി സിവിൽ സ്റ്റേഷൻ പഞ്ചായത്തിന് വിട്ടുകിട്ടിയ ഒന്നാം നിലയിലേക്ക് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല - ഉടമസ്ഥാവകാശത്തിൽ അനിശ്ചിതത്വം
3-18	വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്
ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ചാർജ് /സർചാർജ് നടപടികളുടെ വിവരം
4-9	ഓഡിറ്റ് പ്രത്യവലോകനം
4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം
അനുബന്ധം 2	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ്
അനുബന്ധം 3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്
അനുബന്ധം 4	ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ

ഭാഗം -1
പൊതു അവലോകനം

1-1. ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2019 തീയതിയിലെ 5(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം	വ്യത്യാസം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	32284264.05	14118493	------	18165771.05
വരവ്	171183808	102629883	68553925	---
ആകെ	203468072.05	116748376	86719696	---
ചെലവ്	190012661	87569771	102442890	
നീക്കിയിരിപ്പ്	13455411.05	29178605	15723193.05	---

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ

നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ചചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർത്ഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട അവസാന തീയതി	ലഭിച്ച തീയതി
31.7.2019	15.05.2019

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2018-2019	29.05.2019-30.05.2019

പരിശോധനയുടെ അടിസ്ഥാനത്തിൽ 03.06.2019ലെ കെ.എസ്.എ.കെ.ടി.എം പി8/744/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

മുന്നിരിപ്പ്	14118493
വരവ്	102629883
ആകെ	116748376
ചെലവ്	87569771
നീക്കിയിരിപ്പ്	29178605

1-5 ഫണ്ട് വിനിയോഗം (വാർഷിക പദ്ധതി ഘടകങ്ങൾ)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ശതമാനം
വികസനഫണ്ട്പൊതുവിഭാഗം	0	20264208	20264208	19033771	1230437	93
വികസനഫണ്ട്എസ്.സി.പി.	0	11928000	11928000	11928000	0	100
വികസനഫണ്ട് ടി.എസ്.പി.	0	191000	191000	191000	0	100
സംരക്ഷണഗ്രാന്റ് റോഡ്	0	7106000	7106000	6993343	112657	98
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4171000	4171000	4169728	1272	99
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	11535493	11535493	9384874	2150619	81
കെ.എൽ.എസ്.ജി.ഡി.പി	0	-----	----------	---------	---------	
MGNREGS	0	26116399	26116399	26116399		
ബി ഫണ്ട്	0	485704	485704	485704	--------	100
മഴക്കാലപൂർവ്വ ശുചീകരണം	1089143	1074942	2164085	266400	1897685	
നിർമ്മൽ	326720		326720		326720	
ഐ സി ഡി എസ്	1259300	754075	2013375	1521200	492175	
സംയുക്ത പ്രോജക്ട്	1100000	4840989	5940989	4740295	1200694	
വിമുക്ത		25000	25000	25000		
ജനറൽ പർപ്പസ് ഗ്രാന്റ്	431333	12885362	13316695	9545821	3770874	

വികസനഫണ്ട് (പൊതുവിഭാഗം) ഇനത്തിൽ 12.30 ലക്ഷം രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 21.50 ലക്ഷം രൂപയും വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. ഭേദഗതി കൂടാതെ സ്പിൽഓവറായി തുടരുന്ന പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം സർക്കാരിൽ നിന്നും തിരികെ ലഭിക്കാത്തതിനാൽ ടി തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

1-6 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) രണ്ടാം വാർഷികപദ്ധതിയാണ് 2018-19 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതിയും ശേഷിക്കുന്ന 4 വർഷങ്ങളിലെ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 09.03.18 - 17.03.18-ൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 22.02.18-28.02.2018ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 07.03.2018-ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.03.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 490/18-/DPC/DPO/KTM തീയതി 22.03.18

ആകെ അടങ്കൽ 96439150/-രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

ക്രമ നം.	മേഖല	അംഗീകാരം ലഭിച്ചത്	നടപ്പിലാക്കിയ പദ്ധതികൾ	അടങ്കൽ	ചെലവ്	ശതമാനം
ജനറൽ	ഉത്പാദനം	19	19	10274900	8023712	78
	സേവനം	71	52	41839476	27763658	66
	പശ്ചാത്തലം	85	66	27604574	20613177	74
എസ്.സി.പി	ഉത്പാദനം	3	2	1010200	710200	70
	സേവനം	13	13	14528000	11316232	78
	പശ്ചാത്തലം	3	3	775000	712568	92
റ്റി.എസ്.പി	ഉത്പാദനം	-	-	-	-	-
	സേവനം	3	3	407000	402000	99
	പശ്ചാത്തലം	---	----	----	----	---
	ആകെ	197	158	96439150	69541547	72.10

ആകെ 158 പ്രോജക്ടുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 39 പ്രോജക്ടുകൾ ഉപേക്ഷിച്ചു. 72 ശതമാനമായിരുന്നു ചെലവ്. എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന-സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

അംഗീകാരം ലഭിച്ച 158 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 14 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

ക്രമ നം.	നിർവ്വഹണോദ്യോഗസ്ഥർ	ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം	നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം	അടങ്കൽ	ചെലവ്	ശതമാനം
1.	കൃഷി ഓഫീസർ	10	10	5745100	5446323	94.79
2.	വെറ്ററിനറി സർജൻ	5	5	3346000	1395000	41.69
3.	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.	6	6	1300000	1266459	97.4

4.	എൽ.വി.ഇ.ഒ.	9	9	11703000	8386800	71.66
5.	മെഡിക്കൽ ഓഫീസർ - ആയുർവേദം	2	2	850000	850000	100
6	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	8	5	4953100	4253560	86
7	സെക്രട്ടറി	32	16	15884453	11533849	72.6
8	അസിസ്റ്റന്റ് എഞ്ചിനീയർ	96	78	28152057	21865684	78
9	അസിസ്റ്റന്റ് സെക്രട്ടറി	6	5	3132000	2775315	89
10	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	1000000	1000000	100
11	മെഡിക്കൽ ഓഫീസർ - ഹോമിയോ	1	1	100000	100000	100
12	വി.ഇ.ഒ.	10	9	18410440	8912344	48
13	സബ് ഇൻസ്പെക്ടർഓഫ് ഫിഷറീസ്	2	2	54000	53900	99
14	ഹെഡ്മാസ്റ്റർ	9	9	1809000	1702313	94
	ആകെ	197	158	96439150	69541547	72

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത പതിവു ശൈലിയിലുള്ള വിത്തുനൽകൽ, പച്ചക്കറിയ്ക്ക് കൂലിചെലവ്, നെൽകൃഷിയ്ക്ക് കൂലിചെലവ്, പാടശേഖരസമിതികൾക്ക് പെട്ടി-പറ, കിണർ റീചാർജ്ജിംഗ് എന്നീ പ്രോജക്ടുകളിലൂടെ കാർഷിക മേഖലയിലുണ്ടായ ഉണർവ് പ്രോജക്ട് പൂർത്തീകരണപത്രത്തിന്റെ അഭാവത്തിൽ രേഖാപരമായും യൂണിറ്റ് അടിസ്ഥാനത്തിലും വിലയിരുത്താൻ സാധിച്ചിട്ടില്ല. **145 ഹെക്ടർ തരിശുഭൂമി കൃഷിഭൂമിയാക്കിയത് പദ്ധതി നിർവ്വഹണത്തിന്റെ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു.** കാർഷികമേഖലയിൽ പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, ആട് വളർത്തൽ പദ്ധതി, മുട്ടക്കോഴി വിതരണം തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദ്ദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്ന നിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി ലൈഫ് മിഷൻ, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്, സ്വയം തൊഴിലിന് ധനസഹായം, പഠനമുറി തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് അങ്കണവാടികൾക്ക് അധിക ഗ്യാസ് സിലിണ്ടർ തുടങ്ങിയ പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയത്. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദ്ദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട വ്യത്യസ്തമായ പ്രോജക്ടുകളാണ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയതും നടപ്പിലാക്കിയതും. അങ്കണവാടി ജീവനക്കാർക്ക് വേതനം, പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ ഫർണിഷിംഗ്, ഓർഗാനിക് ഷ്രെഡ്ഡർ സ്ഥാപിയ്ക്കൽ, ആശ്രയ പ്രോജക്ട് കൂടാതെ ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കൽ തുടങ്ങിയ പ്രോജക്ടുകളും സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളതുമായ പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

<u>പൊതുമരാമത്ത് പ്രവൃത്തികൾ- ആസൂത്രണവും പദ്ധതി നടത്തിപ്പും സംബന്ധിച്ച്</u>

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2018-19 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻ വർഷം പൊതുമരാമത്ത് മേഖലയിൽ 96 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 78 എണ്ണമാണ് നടപ്പിലാക്കിയത്. 28152057/- രൂപ വകയിരുത്തിയതിൽ 21865684/-രൂപ ചെലവഴിച്ചിട്ടുണ്ട് (78%ചെലവ്) സമയബന്ധിതമായും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെയും പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണത്തിന്റെ ഭൂരിഭാഗവും പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 78 പ്രവൃത്തികളിൽ 80% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ആറ് അങ്കണവാടികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമസഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല. എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

1-7 തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 19 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 567 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 348 പ്രോജക്ടുകളിൽ 323 എണ്ണം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 80309 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 962 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.

ജലസേചന കനാൽ, മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ, കയർ ഭൂവസ്ത്രം, ലൈഫ് വീടുനിർമ്മാണം, നീർത്തടവികസനപദ്ധതി എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യപത്രിക പ്രകാരമുള്ള 2018-19 വരവുചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കടുത്തുരുത്തി ശാഖയിലെ 67059043314-അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിപ്പ്
ഭരണചെലവുകൾ	3620	526650	530270	524650	3620
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	26116399	26116399	26116399	-
ആകെ	**3620**	26643049	26646669	26641049	5620

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	81120	136

കർഷകതൊഴിലാളി പെൻഷൻ	6644500	556
വിധവാപെൻഷൻ	8391000	739
വാർദ്ധക്യകാലപെൻഷൻ	32441000	2641
വികലാംഗപെൻഷൻ	4233700	350
അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	892900	24
വിവാഹധനസഹായം	0	0

1-9 ക്യാഷ് വെരിഫിക്കേഷൻ

കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2019 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **18234/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണ്ണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

<u>ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു</u>

1) സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവ് സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

2) പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ചേർത്ത് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഭൗതിക പരിശോധന നടത്തുന്നില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ജനുവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്.

5) സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നു.

6) നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തിയിട്ടില്ല.

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ

പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10.05.2019	4/2019	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	20.02.2016-07.01.2017	2011-12 മുതൽ 2-15-16 വരെ	LBA(HQ)II/8A-2552/16-17/411

1-12 വാർഷികകണക്കുകളിലെ അപാകതകൾ.

കൂട്ടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച് നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ജി.ഒ.(പി) 152/2017/തസ്വഭവ തീയതി 26.2.2011 പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. തൻവർഷം ആസ്തിയാക്കപ്പെട്ടവയുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാനാവില്ല.
2. ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ ലെഡ്ജർ പരിശോധിച്ചതിൽ 1,03,33,147/- രൂപ വിവിധ ഫണ്ടുകളിൽ നിന്ന് ക്യാപിറ്റലിലേക്ക് മാറ്റിയിട്ടുണ്ട്. വർക്ക്ഷീറ്റ് കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതൊക്കെ പ്രോജക്ടുകളുടെ ചെലവാണ് ക്യാപിറ്റലിലേക്ക് മാറ്റിയതെന്ന് വ്യക്തമല്ല.
3. കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 18,20,000 രൂപ തൻവർഷം ലോൺ എടുത്തിട്ടുണ്ട്. പ്രസ്തുത വിവരം ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹകരണ ബാങ്കിൽ നിന്നുമുള്ള 2018-19 വർഷത്തെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. ആയതിനാൽ ബി5 ഷെഡ്യൂളിൽ 330500102 ശീർഷകത്തിലെ Loan Outstanding ആയി കാണിച്ചിട്ടുള്ള 1,31,40,000 രൂപയുടെ കൃത്യത വ്യക്തമല്ല.
4. പഞ്ചായത്തിന്റെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്ഥിരനിക്ഷേപ സാക്ഷ്യപത്രം എന്നിവ പരിശോധിച്ചതിൽ 31.3.2019ൽ 81,08,751 രൂപയാണ് സ്ഥിരനിക്ഷേപങ്ങളുടെ പൂർത്തീകരണമൂല്യം. എന്നാൽ 81,01,888 രൂപയാണ് ബി12 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷം സ്ഥിരനിക്ഷേപങ്ങൾക്ക് 3,89,776 രൂപ പലിശ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ 382913 രൂപയാണ് Interest on Fixed Deposit എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത് (I-7 പത്രിക). ആയതിനാൽ 6,863 രൂപ കുറവായാണ് സ്ഥിരനിക്ഷേപത്തിന്റെ മൂല്യം ബി12 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
5. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമല്ലാത്തതിനാൽ I-17(a)ഷെഡ്യൂൾ പ്രകാരം കണക്കാക്കിയ തുകകൾ കൃത്യമാണോ എന്ന് പരിശോധിക്കാനായില്ല.
6. വസ്തുനികുതിയുടെ കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തി. I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.
8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 46 പ്രകാരം 3 മാസത്തിലേറെയായി എൻക്യാഷ് ചെയ്യാത്ത ചെക്കുകളെ Liability Insuspect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ചെക്ക് നം./തീയതി	തുക
1	9471/28.11.18	500
2	599622/25.10.18	1,000
3	9435/30.6.18	1,000
4	0491073/18.7.18	2,250
5	609145/18.9.18	252

9. I -18 ഷെഡ്യൂളിൽ Property Tax on residential buildings ആയി ഉൾപ്പെടുത്തിയ 1,01,220 രൂപ Property Tax on non residential buildings ആയി ഉൾപ്പെടുത്തിയ 46,205/- രൂപ Operations and Maintenance Expense എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ 3,17,977/- രൂപ എന്നീ തുകകളുടെ ആധികാരികത വ്യക്തമല്ല.
10. 2017-18 സാമ്പത്തിക വർഷത്തെ Administrative/Establishment ചെലവുകൾ ചെലവഴിക്കുന്നതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിരുന്നില്ല.
11. ഉണഭോക്തൃവിഹിതം നേരിട്ട് അടവാക്കുന്ന പ്രോജക്ടുകളിൽ പ്രസ്തുത തുക I-14പട്ടികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
12. തൻവർഷം 14,77,706/- രൂപ ഭവനപദ്ധതി ജനറൽ വായ്പയുടെ പലിശ ഇനത്തിൽ അടവാക്കിയിട്ടുണ്ട്. (പ്രോജക്ട് 15/19). എന്നാൽ 11,18,377/- രൂപയാണ് സുലേഖ ചെലവുപത്രികയിൽ പ്രസ്തുത പ്രോജക്ടിന്റെ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഭാഗം -2

വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1-1 ആരാധനാലയങ്ങൾക്ക് നികുതിയിളവ്-

പ്രാർത്ഥനാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

ആരാധനാലയങ്ങൾ എന്ന നിലയിൽ 60 കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പ്രാർത്ഥനാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തു നികുതിയിൽ ഇളവുള്ളത്. എന്നാൽ ഒരേ ഉടമസ്ഥതയിൽ ഒന്നിലധികം കെട്ടിടങ്ങളെ ആരാധനാലയങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമസ്ഥൻ	അഡ്രസ്	കെട്ടിട വിസ്തീർണ്ണം (ച.മി.)
1	1/161/	സി.എസ്.ഐ ചർച്ച്, കോരക്കാല	സി.എസ്.ഐ ചർച്ച്	80
2	1/190/A	വികാരി		35
3	1/509/	വികാരി	സെന്റ് മേരീസ് മൗണ്ട് ചർച്ച്	400
4	1/509/A	വികാരി		35
5	1/509/B	വികാരി		55
6	2/493/	ശ്രീകൃഷ്ണ സ്വാമിക്ഷേത്രം	ശ്രീകൃഷ്ണ സ്വാമിക്ഷേത്രം	300
7	2/494/	ശ്രീകൃഷ്ണ സ്വാമിക്ഷേത്രം		60
8	4/335/	ട്രസ്റ്റി	ആനക്കുഴി ക്ഷേത്രം	304
9	4/343/	തേവരത്താനം		60
10	12/212/	ആദിത്യപുരം ക്ഷേത്രം വക കെട്ടിടം	ആദിത്യപുരം ക്ഷേത്രം വക കെട്ടിടം	116
11	12/213/	ആദിത്യപുരം ക്ഷേത്രം വക കെട്ടിടം		100
12	12/214/	ആദിത്യപുരം സൂര്യദേവ ക്ഷേത്രം		19.53
13	12/348/	പള്ളിമേട		145.16
14	18/339/A	പ്രസിഡന്റ്	എസ്.എൻ.ഡി.പി ബ്രാഞ്ച് നം. 123	35
15	18/339/B	സെക്രട്ടറി		39

പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 (2)- ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അമ്പലങ്ങളോടും പള്ളികളോടും ചേർന്ന ഹാളുകൾ, പള്ളിമേടകൾ, ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് വസ്തു നികുതി അസസ് ചെയ്ത് ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2-1-2 BSNL ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന BSNL ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഇതുവരെ ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	ബിൽഡിംഗ് നം.	ഉടമസ്ഥൻ	അഡ്രസ്
1	4/243/B	സബ് ഡിവിഷണൽ എൻജിനീയർ	മൊബൈൽ സർവ്വീസ് BSNL
2	7/250/A	ജനറൽ മാനേജർ	B S N L ടെൽകോം
3	11/564/A	സബ് ഡിവിഷണൽ എൻജിനീയർ B S N L	സിവിൽ സബ് ഡിവിഷണൽ നം.11, കോട്ടയം
4	18/203/A	ജനറൽ മാനേജർ	B S N L ടെൽകോം

2017-18 വർഷ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രസ്തുത വിഷയത്തിൽ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 (1) - ന് നികുതി ഈടാക്കുന്നതിനായി കേസ് നം. 836/19, 837/19, 839/19 - ആയി വൈക്കം മുൻസിഫ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്ന വിവരം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. കേസ് പൂർത്തിയാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-1-3 കെട്ടിടങ്ങളുടെ ഉപയോഗക്രമം, തറവിസ്തീർണ്ണം--തിട്ടപ്പെടുത്തലിൽ

അപാകത- പഞ്ചായത്തിന് നികുതി ചോർച്ച

റിസോർട്ടുകളും, അമ്യൂസ്മെന്റ് പാർക്കുകളും, ഹോട്ടലുകളും സ്ഥിതി ചെയ്യുന്ന മാംഗോ മെഡോസ് പ്ലഷർ ലാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് 17-07-2019- ൽ നടത്തിയ ഭൗതിക പരിശോധനയിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. ഗ്രാമപഞ്ചായത്തിന്റെ 15-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിൽ വിവിധ ഉപയോഗക്രമത്തിൽപ്പെടുത്തി 17 കെട്ടിടങ്ങളാണ് അസസ്സ് ചെയ്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ അനവധി കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയം നടത്താതെ വിവിധങ്ങളായ കാര്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായും (നീന്തൽകുളം ഉൾപ്പെടെ) കാണപ്പെട്ടു.

2. പല കെട്ടിടങ്ങളുടെയും ബിൽഡിംഗ് നമ്പർ യഥാവിധി പതിച്ചിട്ടില്ലാത്തതിനാൽ അസസ്സ് ചെയ്തിട്ടുള്ള കെട്ടിടങ്ങളെ വേർതിരിച്ചറിയുന്നതിന് സാധിക്കുന്നില്ല.

3. പല കെട്ടിടങ്ങളുടെയും ഉപയോഗക്രമത്തിലും അളവിലും വ്യത്യസ്തത വരുത്തി നികുതി ഇനത്തിൽ ഇളവ് നൽകുന്നതായികാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽഡിംഗ് നം.	അസസ്സ്മെന്റ് പ്രകാരം കെട്ടിട വിസ്തീർണ്ണം (ച.മി)	അസസ്സ്മെന്റ് പ്രകാരം ഉപയോഗക്രമം	പരിശോധന പ്രകാരം ഉപയോഗക്രമം	റിമാർക്സ്
1	175	60	പാർപ്പിടം	റിസോർട്ട്	പരിശോധനയിൽ കെട്ടിട അളവ് 200 ച.മി.- ഓളം ഉള്ളതായി കാണുന്നു
2	175 C	182	പാർപ്പിടം		കെട്ടിടത്തെ വേർതിരിച്ചറിയുന്നതിന് സാധിച്ചിട്ടില്ല. എന്നാൽ പാർപ്പിടം എന്ന ഉപയോഗ ഗണത്തിൽപെടുത്താവുന്ന ഒരു കെട്ടിടവും സ്ഥാപനത്തിൽ ഇല്ല.
3	175/M	396.8	ലോഡ്ജ്		റിസോർട്ടുകളായി അസസ് ചെയ്ത പ്രവർത്തിക്കുന്ന കെട്ടിടങ്ങളോട് ചേർന്നും അതേ ഉപയോഗത്തിലുമുള്ള പ്രസ്തുത കെട്ടിടങ്ങളെ ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ പെടുത്തിയതായി കാണുന്നു
4	175/N	93	ലോഡ്ജ്		

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13-ന് ഉപയോഗക്രമത്തിലും, അളവുകളിലുമുള്ള അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉപയോഗക്രമത്തിലും, അളവുകളിലുമുള്ള അപാകതകൾ മൂലം പഞ്ചായത്തിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ സെക്രട്ടറി ആവശ്യമായ പരിശോധനകൾ നടത്തി സ്ഥാപനത്തിലെ എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുനഃനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2-1 തൊഴിൽ നികുതി- രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. നികുതി ഡിമാന്റ് ചെയ്തിട്ടുള്ള പല സ്ഥാപനങ്ങളുടെയും ഈടാക്കിയ ആകെ തുകയും രസീത് നമ്പരും മാത്രമാണ് രേഖപ്പെടുത്തുന്നത്. എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, അർദ്ധ വാർഷിക വരുമാനം, അടവാക്കിയ നികുതി തുടങ്ങി പ്രസക്തമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി തൊഴിൽ നികുതി രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

2-2-2 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ നിന്ന് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ജോലി ചെയ്യുന്ന താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് അർദ്ധ വാർഷിക വരുമാനത്തിനാനുപാതികമായ തൊഴിൽ

നികുതി (ഒന്നാം അർദ്ധ വർഷത്തെ) ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

ക്രമ നം	ജീവനക്കാരന്റെ വിശദാംശങ്ങൾ	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട നികുതി	ഈടാക്കിയ നികുതി	കുറവ്
1	ആതിര വിജയൻ, പ്ലൂൺ, കടുത്തുരുത്തി റീജിയണൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്	138930	1250	750	500
2	അജിത്ത് എസ്., നൈറ്റ് വാച്ചർ - ഗവ പോളി ടെക്നിക് കടുത്തുരുത്തി	128200	1250	1000	250
	ആകെ				750

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/17.7.2019) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം	നികുതി ഈടാക്കാത്ത അർദ്ധവർഷം
1	മാന്നാർ ദേവസ്വം ഓഫീസ്	2
2	സൂപ്പർ മാർക്കറ്റ് കടുത്തുരുത്തി	2
3	കപിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം	2
4	പോസ്റ്റോഫീസ്, എഴുമാന്തുരുത്ത്	2
5	എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ബ്ലോക്ക് പഞ്ചായത്ത്, കടുത്തുരുത്തി	2
6	ക്ഷീരോത്പാദക സഹകരണ സംഘം കടുത്തുരുത്തി	2
7	മാന്നാർ ക്ഷീരോത്പാദക സഹകരണ സംഘം	1
8	കാപ്പുംതല ക്ഷീരോത്പാദക സഹകരണ സംഘം	1
9	എസ്.എൻ.വി ക്ലിറ്റിംഗ് വർക്സ്	1
10	പൊതുമരാമത്ത് റസ്റ്റ് ഹൗസ്	1
11	സിവിൽ സപ്ലൈസ് കോർപ്പറേഷൻ	1
12	ജി.വി ആയുർവേദ വൈദ്യശാല	1
13	കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്	1
14	ആശ്വാസ ആയുർവേദിക് ക്ലിനിക്	2
15	കുര്യാസ് ബ്യൂട്ടി സ്പാ, കടുത്തുരുത്തി	1,2
16	അക്ഷയ സെന്റർ, ആയാംകുടി	1,2
17	അക്ഷയ സെന്റർ, കടുത്തുരുത്തി	1,2
18	അക്ഷയ സെന്റർ, മുട്ടുചിറ	1,2
19	കുരീക്കൽ ഹോട്ടൽ, കടുത്തുരുത്തി	2
20	റീന ഹോട്ടൽ, കടുത്തുരുത്തി	1,2
21	മാംഗോ മഡോസ്, കടുത്തുരുത്തി	1,2

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.7.2019) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെന്ന് ഡിമാന്റ് രജിസ്റ്ററിൽ കളക്ഷൻ വിവരം ചേർക്കാത്തതിനാൽ വ്യക്തമാകുന്നു. (യഥാർത്ഥത്തിൽ തുക ഈടാക്കിയിട്ടും കളക്ഷൻ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കാത്തതാണെങ്കിൽ ആയത് കളക്ഷൻ കൈകാര്യം ചെയ്യുന്ന

ജീവനക്കാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്). പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

സ്ഥാപനത്തിന്റെ 2018-19 തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നമ്പർ	സ്ഥാപനം	നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	എൽ.ഐ.സി കടുത്തുരുത്തി	1,2
2	സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (7 ബ്രാഞ്ചുകൾ)	2
3	ബി.എസ്.എൻ.എൽ, കടുത്തുരുത്തി	1,2
4	ട്രേഡേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി കെ 1019	1,2
5	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കടുത്തുരുത്തി	2
6	ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി, കടുത്തുരുത്തി	2
7	കൊശമറ്റം ഫിനാൻസ്, മുട്ടുചിറ	1,2
8	കാനറ ബാങ്ക്, കടുത്തുരുത്തി	1,2

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/17.7.2019)പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-2-5 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം
1	മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്
2	എമിനന്റ് കുറീസ്, കടുത്തുരുത്തി
3	പന്തിരുപറയിൽ ഫൈനാൻസിയേഴ്സ്, മുട്ടുചിറ
4	ഗ്രഡ്നസ്സ് ചിറ്റ്സ് & കുറീസ്, കടുത്തുരുത്തി
5	ധനലക്ഷ്മി ഫൈനാൻസ്, കടുത്തുരുത്തി
6	ICICI പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, കടുത്തുരുത്തി

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.7.2019) എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരങ്ങൾ സ്വീകരിക്കാനും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-2-6 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/19.07.19) മറുപടിയായി കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-2-7 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം

ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
1	സെന്റ് തോമസ് റബർ ഇൻഡസ്ട്രീസ്	4
2	സിയറ്റ് ലിമിറ്റഡ് (ഗോഡൗൺ), കടുത്തുരുത്തി	5
3	ഹോട്ടൽ സോഡിയാക് ഇന്റർനാഷണൽ	6
4	ബൂസ്റ്റ് അപ് ഡ്രിങ്ക്സ്	6
5	പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്	5
6	മുരിക്കൻസ് മാർക്കറ്റിംഗ് സിസ്റ്റംസ് കടുത്തുരുത്തി	5
7	അരുണകെയിൻ ഇൻഡസ്ട്രീസ്	5
8	നീരാക്കൽ ലാറ്റക്സ് പ്രൈവറ്റ് ലിമിറ്റഡ്	8
9	താര പെട്രോളിയം ഏജൻസീസ്	4

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/17.7.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-3-1 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

സംരംഭകത്വ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 458 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം	എണ്ണം
വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ	1582
വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ	87
വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ	75
വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ	84
ഓഫീസ് ആവശ്യം	89
വ്യവസായാവശ്യത്തിനുള്ള -കൈത്തറിഷെഡ്, കയർപിരിഷെഡ്	69
ഇതരവ്യവസായാവശ്യത്തിനുള്ളവ	82
എം.എസ്.എം.ഇ	3
ആകെ എണ്ണം	2071

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 2071 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 458 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത

കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2-3-2 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായിട്ടുള്ള പട്ടിക 1-ൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയിൽ ഷോപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2-4 ലേലം കൊണ്ട തുകയിൽ കിഴിവ് അനുവദിച്ചതിലെ അപാകത

എസ്.കെ.വി. മാർക്കറ്റിലെ ഉൾനാടൻ മത്സ്യവിഭാഗം സ്റ്റാളുകളിൽ (സ്റ്റാൾ നം. 7 ഒഴികെയുള്ളവയിൽ) 2018 ഏപ്രിൽ 1 മുതൽ 6 മാസത്തേക്ക് മത്സ്യം വിൽക്കുന്നതിനുള്ള അവകാശം 41200/- രൂപക്ക് കടുത്തുരുത്തി ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘം സെക്രട്ടറി ലേലം കൊള്ളുകയും (ലേല തീയതി 27.03.18) ആയത് പഞ്ചായത്ത് കമ്മറ്റിയുടെ 28.03.18 തീയതിയിലെ 1(9) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയിതിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് കുത്തകക്കാരൻ 30350 രൂപ മാത്രമാണ് അടച്ചിട്ടുള്ളതെന്ന് കാണുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 18.09.18 തീയതിയിലെ 51 (2) നമ്പർ തീരുമാന പ്രകാരം ബാക്കി തുക (41200-30350=10850 രൂപ) ഇളവു നൽകിയതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ, ചട്ടം 5(4) പ്രകാരം മനുഷ്യനിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ പാട്ടക്കാരന് നഷ്ടമുണ്ടായതായി ബോധ്യമാവുന്ന സാഹചര്യങ്ങളിൽ ആനുപാതികമായ കിഴിവ് അനുവദിക്കാവുന്നതും എന്നാൽ പതിനായിരം രൂപയ്ക്ക് മുകളിൽ കിഴിവ് അനുവദിക്കുന്നതിന് പഞ്ചായത്ത് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ലയെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതും ഭാവിയിൽ ചട്ടലംഘനം മൂലമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2-5 ചട്ടപ്രകാരമുള്ള സമയ പരിധി പാലിച്ച് അപേക്ഷകൾ തീർപ്പാക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും നിശ്ചിത സമയപരിധി ലംഘിക്കുന്നതായി കാണുന്നു. 2018-19 വർഷം കൈകാര്യം ചെയ്ത പെർമിറ്റ് ഫയലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ അപേക്ഷകൾ	സൈറ്റ് വേരിഫിക്കേഷൻ നടത്തിയത്	പെർമ്മിറ്റ് നൽകിയത്	പെൻഡിംഗ് ഫയലുകൾ	തിരുത്തലുകൾക്കായി മടക്കിയത്	നിരാകരിച്ചത്
400	340	311	83	05	01

2018-19 ലെ തീർപ്പാക്കാനുള്ള ഫയലുകളിലെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷയുടെ വിവരങ്ങൾ	സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയ തിയതി	നിലവിലെ സ്ഥിതി
1	A8/2085/2018 [279601] dt: 08/03/2018		A8/2085/2018 [279601] dt: 10/05/2018 ഫയൽ സെക്ഷൻ A8- ൽ
2	A8/169/2018 [399777] dt: 12/01/2018	A8/169/2018 [399777] dt: 22/07/2018	A8/169/2018 [399777] dt: 22/07/2018 ഫയൽ സെക്ഷൻ A8- ൽ
3	A8/223/2018 [414750] dt: 12/01/2018		A8/223/2018 [414750] dt: 26/04/2018 ഫയൽ ഓവർസീയറുടെ പക്കൽ
4	A8/796/2018 [433454] dt:		A8/796/2018 [433454] dt: 27/06/2018 ഫയൽ

	30/01/2018		സെക്ഷൻ A8- ൽ
5	A8/903/2018 [456967] dt: 03/02/2018		A8/903/2018 [456967] dt: 04/05/2018 ഫയൽ ഓവർസീയറുടെ പക്കൽ
6	A8/834/2018 [465457] dt: 09/02/2018		A8/834/2018 [465457] dt: 12/06/2018 ഫയൽ സെക്ഷൻ A8- ൽ
7	A8/1579/2018 [481565] dt: 24/02/2018		A8/1579/2018 [481565] dt: 04/05/2018 ഫയൽ ഓവർസീയറുടെ പക്കൽ
8	A8/1586/2018 [485104] dt: 24/02/2018	A8/1586/2018 [485104] dt: 21/04/2018	A8/1586/2018 [485104] dt: 21/04/2018 ഫയൽ സെക്രട്ടറിയുടെ പക്കൽ
9	A8/2150/2018 [500150] dt: 08/03/2018		A8/2150/2018 [500150] dt: 23/06/2018 ഫയൽ ഓവർസീയറുടെ പക്കൽ
10	A8/2082/2018 [502818] dt: 08/03/2018	A8/2082/2018 [502818] dt: 26/04/2018	A8/2082/2018 [502818] dt: 26/04/2018 ഫയൽ സെക്രട്ടറിയുടെ പക്കൽ
11	A8/2411/2018 [513953] dt: 16/03/2018	A8/2411/2018 [513953] dt: 13/07/2018	A8/2411/2018 [513953] dt: 13/07/2018 ഫയൽ സെക്രട്ടറിയുടെ പക്കൽ
12	A8/2860/2018 [526324] dt: 28/03/2018		A8/2860/2018 [526324] dt: 10/04/2018 ഫയൽ ഓവർസീയറുടെ പക്കൽ
13	A8/2765/2018 [526622] dt: 24/03/2018		A8/2765/2018 [526622] dt: 02/06/2018 ഫയൽ ഓവർസീയറുടെ പക്കൽ
14	A8/2770/2018 [529158] dt: 28/03/2018	A8/2770/2018 [529158] dt: 21/07/2018	A8/2770/2018 [529158] dt: 21/07/2018 ഫയൽ സെക്രട്ടറിയുടെ പക്കൽ
15	A8/2920/2018 [529432] dt: 28/03/2018	A8/2920/2018 [529432] dt: 26/04/2018	A8/2920/2018 [529432] dt: 26/04/2018 ഫയൽ സെക്ഷൻ A8- ൽ
16	A8/3277/2018 [535534] dt: 07/04/2018		A8/3277/2018 [535534] dt: 25/05/2018 ഫയൽ സെക്ഷൻ A8- ൽ
17	A8/3992/2018 [539039] dt: 11/05/2018		A8/3992/2018 [539039] dt: 13/06/2018 ഫയൽ ഓവർസീയറുടെ പക്കൽ
18	A8/3422/2018 [544297] dt: 12/04/2018	A8/3422/2018 [544297] dt: 09/05/2018	A8/3422/2018 [544297] dt: 09/05/2018 ഫയൽ സെക്രട്ടറിയുടെ പക്കൽ
19	A8/3538/2018 [549984] dt: 19/04/2018		A8/3538/2018 [549984] dt: 01/06/2018 ഫയൽ ഓവർസീയറുടെ പക്കൽ
20	A8/3587/2018 [550078] dt: 08/05/2018		A8/3587/2018 [550078] dt: 08/05/2018 ഫയൽ സെക്ഷൻ A8- ൽ
21	A8/4031/2018 [575697] dt: 11/05/2018	A8/4031/2018 [575697] dt: 10/01/2019	A8/4031/2018 [575697] dt: 10/01/2019 ഫയൽ സെക്ഷൻ A8- ൽ
22	A8/4738/2018 [583120] dt: 01/06/2018	A8/4738/2018 [583120] dt: 26/09/2018	A8/4738/2018 [583120] dt: 26/09/2018 ഫയൽ സെക്ഷൻ A8- ൽ
23	A8/4189/2018 [596335] dt: 17/05/2018		A8/4189/2018 [596335] dt: 27/06/2018 ഫയൽ സെക്ഷൻ A8- ൽ
24	A8/4208/2018 [598260] dt: 17/05/2018		A8/4208/2018 [598260] dt: 25/07/2018 ഫയൽ എ.ഇ-യുടെ പക്കൽ
25	A8/4204/2018 [598829] dt: 17/05/2018		A8/4204/2018 [598829] dt: 02/06/2018 ഫയൽ ഓവർസീയറുടെ പക്കൽ
26	A8/4948/2018 [627528] dt: 07/06/2018		A8/4948/2018 [627528] dt: 23/06/2018 ഫയൽ ഓവർസീയറുടെ പക്കൽ
27	A8/5219/2018 [636732] dt: 19/06/2018		A8/5219/2018 [636732] dt: 04/02/2019 ഫയൽ എ.ഇ-യുടെ പക്കൽ
28	A8/5306/2018 [638769] dt: 21/06/2018	A8/5306/2018 [638769] dt: 21/07/2018	A8/5306/2018 [638769] dt: 21/07/2018 ഫയൽ സെക്രട്ടറിയുടെ പക്കൽ
29	A8/9215/2018 [667384] dt: 07/11/2018	A8/9215/2018 [667384] dt: 01/03/2019	A8/9215/2018 [667384] dt: 01/03/2019 ഫയൽ സെക്ഷൻ A8- ൽ

30	A8/6717/2018 [692016] dt: 09/08/2018	A8/6717/2018 [692016] dt: 09/08/2018	A8/6717/2018 [692016] dt: 09/08/2018 ഫയൽ സെക്ഷൻ A8- ൽ

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 (4)-ന് സങ്കേതം സോഫ്റ്റ്‌വെയറിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ കറക്ഷൻ ആവശ്യമായി വന്നാൽ ഒരു പ്രാവശ്യം മാത്രം റിട്ടേൺ ചെയ്യുവാനുള്ള ഓപ്ഷൻ ആണ് ഉള്ളതെന്നും ഒന്നിൽ കൂടുതൽ തവണ റിട്ടേൺ ചെയ്യേണ്ടിവന്നാൽ പുതുതായി ഇ-ഫയൽ ചെയ്യേണ്ടി വരുന്നതുകൊണ്ടും പഴയ ഫയൽ റിജക്റ്റ് ചെയ്യാനുള്ള ഓപ്ഷൻ ഇല്ലാത്തതിനാലുമാണ് പെൻഡിംഗ് ആയി കാണുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ പക്കൽ പെന്റിംഗായി കാണിച്ചിരിക്കുന്ന ഫയലുകൾ സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. ഫയലുകളിന്മേലുള്ള തീർപ്പാക്കലുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സങ്കേതം സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിക്കുന്നതിന് IKM – ന്റെ സഹായം തേടാവുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

2-6 ഇ-ടെൻഡർ - ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. 2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	ലഭിച്ച ടെണ്ടറുകളുടെ എണ്ണം	ടെണ്ടർ ഫീ (ജി.എസ്.ടി. ഉൾപ്പെടെ)	ആകെ
1	46/19	വെള്ളാശ്ശേരി ഒറ്റിയാംകുന്ന് റോഡ് സൈഡ് കോൺക്രീറ്റിംഗ് വാർഡ് 2	3	672	2,016
2	51/19	പേഴടിയേൽ സെന്റ് തോമസ് ചർച്ച് റോഡ് കോൺക്രീറ്റിംഗ് വാർഡ് 3	3	560	1,680
3	56/19	പ്ലാച്ചേരിത്തടം മങ്ങാട്ടുനിരപ്പ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 5	4	672	2,688
4	61/19	പേട്ടമുക്ക് മൈലാടുംപാറ റോഡ് മെയിന്റനൻസ് വാർഡ് 7	2	672	1,344
5	64/19	പറമ്പ്രം ഏനാച്ചിറ റോഡ് മെയിന്റനൻസ് വാർഡ് 8	1	560	560
6	65/19	കാപ്പുംതല മൾബെറിക റോഡ് കോൺക്രീറ്റിംഗ് വാർഡ് 8	4	784	3,136
7	66/19	പറമ്പ്രം പെരുമ്പ്രറോഡ് കോൺക്രീറ്റിംഗ് വാർഡ് 8	3	560	1,680
8	70/19	മുട്ടുചിറ പുഞ്ചത്തലക്കൽ റെയിൽവേ ലൈൻ ഫേസ് 1 റോഡ് ടാറിംഗ് വാർഡ് 10	2	672	1,344
9	72/19	തത്തപ്പള്ളി ലക്ഷം വീട് മണലുംപുറം റോഡ് കോൺക്രീറ്റിംഗ് വാർഡ് 10	2	560	1,120
10	78/19	ആദിത്യപുരം മധുരവേലി റേഷൻ കവല റോഡ് മെയിന്റനൻസ് വാർഡ് 12	2	1,008	2,016
11	80/19	പുല്ലുകാല കുന്നുംപുറം റോഡ് ടാറിംഗ് വാർഡ് 13	2	672	1,344
12	82/19	കപിക്കാട് ചുള്ളോന്തിക്കടവ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 14	4	1,008	4,032
13	85/19	വലിയകരോട്ട് വളയംകട്ട വടുകൻതുരുത്ത് റോഡ് കോൺക്രീറ്റിംഗ് വാർഡ് 15	3	672	2,016
14	86/19	ലക്ഷംവീട് എട്ടാണി കുളിക്കടവ് റോഡ് കോൺക്രീറ്റിംഗ് & സൈഡ് പ്രൊട്ടക്ഷൻ വാർഡ് 15	3	896	2,688
15	89/19	ആയാംകുടി എൽ.പി.എസ്. പട്ടമാനത്താഴം റോഡ് ടാറിംഗ് & റീടാറിംഗ് വാർഡ് 17	2	896	1,792

16	98/19	മുല്ലപ്പള്ളി പൂത്താകിരി റോഡ് ടാറിംഗ് വാർഡ് 19	3	784	2,352
17	99/19	കപിക്കാട് ചിറപ്പാടം മന്ദിരംപള്ളി റോഡ് ടാറിംഗ് & റീടാറിംഗ് വാർഡ് 13	4	896	3,584
18	100/19	മധുരവേലി ലക്ഷംവീട് കോളനി റോഡ് മെയിന്റനൻസ് വാർഡ് 12	1	560	560
19	103/19	മധുരവേലി ഞാറമൂട്ടിൽത്താഴം റോഡ് റീടാറിംഗ് വാർഡ് 14	2	672	1,344
20	113/19	കുറ്റിക്കാലാ കോളനി സാംസ്കാരിക നിലയം മെയിന്റനൻസ്	2	560	1,120
21	53/19	ഒറ്റിയൻകുന്ന് സി.എസ്.ഐ. ചർച്ച് റോഡ് ടാറിംഗ് & റീടാറിംഗ് വാർഡ് 3&4	2	1,568	3,136
22	93/19	തത്തപ്പള്ളി ചിറപ്പുറം കോനകുപ്പക്കാട് റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് വാർഡ് 18	2	1,455	2,910
23	87/19	എഴുമാന്തുരുത്ത് മിച്ചഭൂമി റോഡ് ടാറിംഗ് വാർഡ് 16	2	1,568	3,136
24	223/19	മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് അനുബന്ധ സൗകര്യം ഒരുക്കൽ	2	1,300	2,600
25	224/19	വൃദ്ധർക്ക് വിശ്രമകേന്ദ്രം സെക്കന്റ് സ്റ്റേജ്	2	1,120	2,240
		ആകെ			52,438

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ എസ്ബിഐയുടെ കടുത്തുരുത്തി ബ്രാഞ്ചിൽ 37789107090 അക്കൗണ്ട് നമ്പരിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടെൻഡർ ഫോം വിലയിനത്തിൽ 2018-19 വർഷം മാത്രം ലഭിക്കുവാനുള്ള 52438/- രൂപയും മുൻവർഷങ്ങളിൽ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-7 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 30.6.2019-ൽ നടത്തിയ വിവിധ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പത്രികകൾ പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് നമ്പർ	ചെക്ക് നമ്പർ/ തീയതി	തുക (രൂപ)
റീജിയണൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-4061 തനത് ഫണ്ട്- 450230101	9471 തീയതി 28.11.18	500
റീജിയണൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-4061 തനത് ഫണ്ട്- 450230101	9145 തീയതി 12.02.18	350
റീജിയണൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-4061 തനത് ഫണ്ട്- 450230101	599662 തീയതി 25.10.18	1000
റീജിയണൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്-4061 തനത് ഫണ്ട്- 450230101	9435 തീയതി 30.06.18	1000
ട്രഷറി ടി.എസ്.ബി അക്കൗണ്ട്-എസ്.ടി.എസ്.ബി1 (450250110)	1209428 തീയതി 07.03.19	3200
ട്രഷറി ടി.എസ്.ബി അക്കൗണ്ട്-എസ്.ടി.എസ്.ബി1 (450250110)	2284369 തീയതി 26.03.19	3862
ട്രഷറി ടി.എസ്.ബി അക്കൗണ്ട്-എസ്.ടി.എസ്.ബി1 (450250110)	0491073 തീയതി 18.07.18	2250
ട്രഷറി ടി.എസ്.ബി അക്കൗണ്ട്-എസ്.ടി.എസ്.ബി1 (450250110)	1209808 തീയതി 19.03.19	2500
ട്രഷറി ടി.എസ്.ബി അക്കൗണ്ട്-എസ്.ടി.എസ്.ബി1 (450250110)	609145 തീയതി 18.09.18	252
ട്രഷറി ടി.എസ്.ബി അക്കൗണ്ട്-എസ്.ടി.എസ്.ബി1 (450250110)	1381112 തീയതി 22.02.19	8996

ചെക്കുകളുടെ കാലാവധി 3 മാസമാണെന്നിരിക്കിൽ പ്രസ്തുത ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ

അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചേയ്യേണ്ടതുമാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സ്ട്രീറ്റ്ലൈൻ വലിക്കൽ- പൂർത്തികരണതീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം	22/19			
അടങ്കൽ	250000 തനത് ഫണ്ട്			
ചെലവ്	220188	ചെക്ക് നം.	തീയതി	തുക
		1209814	15.3.2019	64900
		1209820	18.3.2019	72688
		1209801	18.3.2019	82600

ഗ്രാമപഞ്ചായത്തിലെ 5,6,13 എന്നീ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ വലിക്കുന്നതിന് 220188/- രൂപ മേൽ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി കടുത്തുരുത്തിക്ക് നൽകിയിരുന്നു. കെ.എസ്.ഇ.ബി.യുമായുള്ള കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നു (നം.22/19/ 3.3.19). എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ.19/19.7.2019) പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 2,20,188/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2 ഓർഗാനിക് ഷ്രെഡ്ഡർ മെഷീനറി വാങ്ങൽ - മെഷീനറിയുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തില്ല

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം	207/19
അടങ്കൽ	700000 (450000- വികസനഫണ്ട്, 250000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ചെലവ്	599859 (450000- വികസനഫണ്ട്, 149859- ബ്ലോക്ക് വിഹിതം)

ഓർഗാനിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മെഷിനറി വാങ്ങുന്നതിന് മേൽ പ്രോജക്ട് 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തുകയും 25.10.18ലെ എ3-5863/18 നമ്പർ ടെണ്ടർ നോട്ടീസ് മുഖേന ടെണ്ടർ നടത്തുകയും ചെയ്തു.

രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിൽ Horizon Alappuzha എന്ന സ്ഥാപനം 200-300 kg/hr അളവിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള മെഷീനറിക്ക് 454416/- രൂപ ക്വോട്ട് ചെയ്തപ്പോൾ പ്രകൃതി എന്ന സ്ഥാപനം 300-350 kg/hr കപ്പാസിറ്റിയിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള മെഷീനറിക്ക് 600000/- രൂപ ക്വോട്ട് ചെയ്തു.

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എന്ന് കണക്കാക്കി Horizon എന്ന സ്ഥാപനത്തിന്റെ 454416/- രൂപയുടെ ടെണ്ടർ ഉറപ്പിച്ച് നൽകുകയും ചെയ്തു. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.സംസ്കരിക്കേണ്ട മാലിന്യങ്ങളുടെ അളവ് കണക്കാക്കി, വേണ്ട മെഷീനറിയുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി വേണമായിരുന്നു ടെണ്ടർ നടപടികൾ സ്വീകരിക്കാൻ. ഇപ്രകാരം ചെയ്യാഞ്ഞതിനാൽ ടെണ്ടർ നടപടികൾ സുതാര്യമായിരുന്നു എന്ന് കണക്കാക്കാനാവില്ല. രണ്ടും വ്യത്യസ്ത അളവിനാണ് സ്ഥാപനങ്ങൾ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളതിനാൽ വില താരതമ്യം നടത്തിയത് യുക്തിസഹമല്ല.

2.മെഷീനറി നൽകിയ Horizon എന്ന സ്ഥാപനത്തിന് പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ട പരിചയസമ്പന്നതയുടെ രേഖകൾ ഫയലിൽ ഇല്ല. പ്രകൃതി എന്ന സ്ഥാപനം ശുചിത്വ മിഷന്റെ സർവ്വീസ് പ്രൊവൈഡർ ആണെന്ന് leafletൽ രേഖപ്പെടുത്തിയിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.19/19.7.2019) ലഭ്യമായ മറുപടിയിൽ ടെണ്ടർ നടപടികളിലെ അപാകത സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമായില്ല.

മെഷീനറി പഞ്ചായത്തിന്റെ അധീനതയിലുള്ള എസ് കെ വി മാർക്കറ്റിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഫലപ്രദമാണോ എന്ന് വിലയിരുത്താനായില്ല. തുടർനടപടികൾ സ്വീകരിച്ച് പ്രോജക്ട് ഫലവത്താക്കേണ്ടതാണ്.

3-3 പഞ്ചായത്തോഫീസിലേക്ക് പ്രിന്ററർ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം	19/19
അടങ്കൽ	90000
ചെലവ്	83300 (ചെക്ക് നം. 2284501/27.3.19)

പഞ്ചായത്തോഫീസിലേക്ക് അഞ്ച് മോണോക്രോം ലേസർ പ്രിന്ററും രണ്ട് മൾട്ടി ഫങ്ഷൻ പ്രിന്ററും വാങ്ങുന്നതിന് ഐ കെ എം സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ 16.02.2019 ലെ എ3 5864/17 നമ്പർ നോട്ടീസിലൂടെ ക്വട്ടേഷൻ ക്ഷണിച്ചതിൽ IT Gallery Computer Sales എന്ന സ്ഥാപനവും Computek System Sales and Service എന്ന സ്ഥാപനവും ക്വട്ടേഷൻ സമർപ്പിച്ചിരുന്നു.

രണ്ട് സ്ഥാപനങ്ങളും സമർപ്പിച്ചിരിക്കുന്ന ക്വട്ടേഷനുകളിൽ ഒരേ സ്പെസിഫിക്കേഷൻ ആണ്. A4 Mono Crome Laser Printer ന് IT gallery എന്ന സ്ഥാപനം 16650/- രൂപയും Computek എന്ന സ്ഥാപനം 12800 രൂപയുമാണ് ക്വോട്ട് ചെയ്തിരുന്നത്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതെ IT Computer Sales and services എന്ന സ്ഥാപനത്തിൽ നിന്നും 83300/- രൂപ ചെലവഴിച്ച് പ്രിന്ററുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ പ്രിന്ററുകളിൽ അഞ്ചെണ്ണം സ്ഥാപിക്കാതെ കമ്മിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുകയാണ്. നടപടിക്രമങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.19/19.7.2019) പുതിയ ആഫീസിലേക്ക് മാറുമ്പോൾ പ്രിന്ററുകൾ സ്ഥാപിക്കുന്നതാണെന്നും ഐ കെ എം ബ്ലോക്ക് ടെക്നിക്കൽ ഓഫീസർ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനം ബ്രദർ എന്ന കമ്പനിയുടെ പ്രിന്ററാണ് വിതരണം ചെയ്യുന്നതെന്നും ഇതിന് കാര്യക്ഷമത കുറവാണെന്നും കാനൻ എന്ന കമ്പനിയുടെ പ്രിന്ററാണ് കൂടുതൽ കാര്യക്ഷമതയുള്ളതെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കാനൻ പ്രിന്റർ വാങ്ങിയതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഐ കെ എം ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഇത്തരത്തിലൊരു സാക്ഷ്യപ്പെടുത്തൽ ആധികാരികമാണെന്ന് കണക്കാക്കാനാവില്ല. കൂടാതെ സർക്കാർ ഉത്തരവ് 25/18/ITD/തീയതി 1.2.18 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ Centralised E-Procurement വഴി സാധനങ്ങൾ സമാഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നടപടിക്രമങ്ങളും മേൽ വാങ്ങലിൽ പരിഗണിച്ചിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 83,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-4 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

1.സ്കൂളുകളിൽ കുട്ടികൾക്കായി നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ (പ്രോജക്ട് നം.227/19)

ചെലവ്	121300
ഫണ്ട്	വികസന ഫണ്ട്
ബിൽ നം.	13/2018/25.03.19 9/2018/18.03.19

അനുവാദമില്ലാതെ സ്കൂൾ കോമ്പൗണ്ടിൽ കടന്ന് കയറുന്നത് തടയുക, മോഷണം തടയുക എന്നീ ഉദ്ദേശ്യങ്ങൾക്കായി പഞ്ചായത്ത് പരിധിയിലുള്ള 5 സർക്കാർ സ്കൂളുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയെന്നുള്ളതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ഇത് സംബന്ധിച്ച് ഫയൽ പരിശോധിച്ചതിലും 3 സ്കൂളുകളിൽ ഭൗതിക പരിശോധന നടത്തിയതിലും കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മോണിറ്റർ സ്കൂളുകളിൽ ലഭ്യമായിട്ടില്ല. ഭൗതിക പരിശോധനയിൽ, നിലവിലുള്ള കമ്പ്യൂട്ടർ മോണിറ്റർ തന്നെ ഉപയോഗിച്ചാണ് ക്യാമറയിൽ പതിയുന്ന ദൃശ്യങ്ങൾ വീക്ഷിക്കുന്നതെന്ന് കണ്ടു.
2. ആയാംകുടി ഗവ.എൽ.പി. സ്കൂളിന് 3 ക്യാമറകൾ നൽകിയിട്ടുണ്ടെങ്കിലും ഭൗതിക പരിശോധനയിൽ 2 എണ്ണം മാത്രമേ സ്കൂൾ അധികൃതർക്ക് കാണിച്ച് തരുവാൻ സാധിച്ചിട്ടുള്ളൂ.
3. ക്യാമറയും അനുബന്ധ ഉപകരണങ്ങളും സംബന്ധിച്ച സ്പെസിഫിക്കേഷൻ അംഗീകൃത ഏജൻസിയെക്കൊണ്ട് എടുപ്പിച്ചതായി കാണുന്നില്ല.

4. ഗ്രാമപഞ്ചായത്തിലെ പർച്ചേസ് കമ്മിറ്റി പ്രസ്തുത വാങ്ങൽ സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14(1)) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സ്പെസിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച 1,21,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2.സർക്കാർ സ്കൂളുകൾക്ക് കുടിവെള്ള സൗകര്യം (പ്രോജക്ട് നം.144/19)

ചെലവ്	54000
ഫണ്ട്	സംരക്ഷണ ഗ്രാന്റ്(റോഡിതരം)
ബിൽ നം.	08/2018/12.09.18

മേൽ പ്രോജക്ട് നടത്തിപ്പിനായി എഴുമാന്തുരുത്ത് ഗവ.യു.പി. സ്കൂളിന് വാട്ടർ കണക്ഷൻ നൽകുന്നതിനായി 54000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (നം.67264609264). എന്നാൽ ഇത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരവും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14(3)) കുടിവെള്ള കണക്ഷൻ പ്രവർത്തനം പൂർത്തിയാകുമ്പോൾ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 54,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ നിക്ഷേപ പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ സ്ഥാപനവുമായി കരാറിലേർപ്പെടുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3.പ്രഭാത ഭക്ഷണം (പ്രോജക്ട് നം.105/19)

ചെലവ്	336000
ഫണ്ട്	സംരക്ഷണ ഗ്രാന്റ്(റോഡിതരം)
ബിൽ നം.	01/2018/25.09.18, 05/2018/05.02.19, 06/2018/12.03.19

പ്രസ്തുത പ്രോജക്ട് നടത്തിപ്പിനായി ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക (ഒരു ദിവസം 22 രൂപ നിരക്കിൽ ഒരാഴ്ച ഒരു കുട്ടിയ്ക്ക് നൽകുന്ന ഭക്ഷണത്തിന്റെ നിരക്ക് 110/- രൂപ) ക്വോട്ട് ചെയ്ത തെരേസ എം.ഇ യൂണിറ്റ്(കുടുംബശ്രീ) മധുരവേലി എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പ്രഭാത ഭക്ഷണ വിതരണം തുടർന്നുകൊണ്ട് പോകുവാൻ സാധിക്കാത്തതിനാൽ പദ്ധതിയിൽ നിന്നും പിൻമാറുന്നതായി അറിയിക്കുകയും 14.08.18 വരെ ഭക്ഷണ വിതരണം നടത്തിയതിന്റെ തുകയായ 85300/- രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു. മേൽ സ്ഥാപനത്തേക്കാൾ കൂടിയ തുക ക്വോട്ട് ചെയ്ത (ഒരു ദിവസം 23.2 രൂപ നിരക്കിൽ ഒരാഴ്ച ഒരു കുട്ടിയ്ക്ക് നൽകുന്ന ഭക്ഷണത്തിന്റെ നിരക്ക് 116 രൂപ) ശ്രീ. ശ്രീജിത്ത്, ചേലയ്ക്കാപ്പിള്ളിയിൽ എന്ന വ്യക്തി ഒരു ദിവസം ഒരു കുട്ടിയ്ക്ക് 13 രൂപ നിരക്കിൽ (ഒരാഴ്ച 65 രൂപ) ഭക്ഷണം നൽകുവാൻ തയ്യാറാണെന്ന് അറിയിക്കുകയും തുടർന്നുള്ള ഭക്ഷണ വിതരണം ടി വ്യക്തിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനങ്ങളുമായി കരാർവയ്ക്കുന്നതിനായി വാങ്ങിയ മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.
2. ഗ്രാമപഞ്ചായത്തിലെ പർച്ചേസ് കമ്മിറ്റി പ്രസ്തുത ഇടപാട് സംബന്ധിച്ച് ചർച്ച ചെയ്യുകയോ തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല.
3. ഒരാഴ്ച ഒരു കുട്ടിയ്ക്ക് നൽകുന്ന ഭക്ഷണത്തിന്റെ നിരക്ക് 116 രൂപ എന്ന് ക്വോട്ട് ചെയ്ത ശ്രീ. ശ്രീജിത്ത്, ചേലയ്ക്കാപ്പിള്ളിയിൽ തന്നെ 65 രൂപയ്ക്ക് ഭക്ഷണം നൽകുവാൻ സമ്മതിച്ചിട്ടുണ്ട്. ആദ്യം ടെണ്ടർ ക്ഷണിച്ചപ്പോൾ തന്നെ നിരക്കുകൾ താരതമ്യേന കൂടുതലായിരുന്നതിനാൽ സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തി നിരക്ക് കുറയ്ക്കുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14(4)) ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ നിരക്കിൽ തുക ക്വോട്ട് ചെയ്ത തെരേസ യൂണിറ്റിന് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയതാണെന്നും പിന്നീട് നിരക്ക് കൂടുതലായതിനാൽ പഞ്ചായത്ത് കമ്മിറ്റി തെരേസ യൂണിറ്റിന്റെ ടെണ്ടർ ക്യാൻസൽ ചെയ്യുകയായിരുന്നുവെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം ആദ്യം തന്നെ നെഗോസിയേഷന്റെ സാദ്ധ്യത പരിഗണിച്ചിരുന്നെവെങ്കിൽ തുടക്കം മുതലേ കുറഞ്ഞനിരക്കിൽ ഭക്ഷണ വിതരണം നടത്തുവാൻ സാധിക്കുമായിരുന്നു. മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും പർച്ചേസ് കമ്മിറ്റി ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെടലുകൾ നടത്തേണ്ടതുമാണ്.

4.സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം (പ്രോജക്ട് നം.149/19)

ചെലവ്	499900
ഫണ്ട്	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
ബിൽ നം.	11/2018/20.03.19

എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളും ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 5 സർക്കാർ സ്കൂളുകൾക്ക് എൽസിഡി പ്രോജക്ടർ, ലാപ്ടോപ്പ്, സ്ക്രീൻ, ബോർഡ് എന്നിവ വാങ്ങി നൽകി സ്മാർട്ട് ക്ലാസ്റൂം ഒരുക്കുകയെന്നുള്ളതായിരുന്നു പ്രസ്തുത പ്രോജക്ടുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഇത് സംബന്ധിച്ച് 3 സ്കൂളുകളിൽ ഭൗതിക പരിശോധന നടത്തിയതിൽ എഴുമാന്തുരുത്ത് ഗവ.യു.പി.സ്കൂളിൽ യാതൊരു ഭൗതിക സാഹചര്യവും ഒരുക്കാതെയാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂമിനായി പ്രോജക്ടർ സ്ഥാപിച്ച് പ്രത്യേകമൊരു റൂം സജ്ജീകരിച്ചിട്ടില്ല. സ്കൂൾ അധികൃതർ സ്മാർട്ട് ക്ലാസ്സ് റൂമായി നിലവിൽ ഉപയോഗിക്കുന്ന മുറിയിൽ പ്രോജക്ടർ സ്ഥാപിച്ച് ക്ലാസ്സ് എടുക്കുന്നതിനോ കുട്ടികൾക്ക് അത് വീക്ഷിക്കുന്നതിനോ യാതൊരു സൗകര്യങ്ങളും ഇല്ല. സ്ഥല സൗകര്യം വളരെ കുറവുള്ള പ്രസ്തുത മുറിയുടെ ഒരു ഭാഗം മഴവെള്ളം വീണ് നനവുള്ളതായും കണ്ടു. കൂടാതെ മുട്ടുചിറ യു.പി. സ്കൂളിന് 3 പ്രോജക്ടർ നൽകിയിട്ടുണ്ടെങ്കിലും ഒരു റൂം മാത്രമേ സ്മാർട്ട് ക്ലാസ്സ് റൂമായി സജ്ജീകരിച്ചിട്ടുള്ളൂ. ഇത്തരത്തിലൊരു പ്രോജക്ട് നടപ്പിലാക്കുമ്പോൾ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ആദ്യം ഒരുക്കേണ്ടതും സ്കൂൾ അധികൃതർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമായിരുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കി സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതു വരെ ചെലവഴിച്ച 4,99,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 അങ്കണവാടികൾ-വർക്കർമാർക്കും ഹെൽപ്പർമാർക്കും അധികവേതനം - ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയുടെ കൃത്യത പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തിയിട്ടില്ല

പ്രോജക്ട് നം .	229/19
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവഴിച്ച തുക (ബിൽ നം തീയതി)	766500 (ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട് (വൗച്ചർ നം. 21800985/17.1.2019)

ധനകാര്യവകുപ്പിന്റെ 29/11/2018ലെ സ.ഉ(സാധാ)നം.9358/2018 പ്രകാരം അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും 2018-19 വർഷത്തെ 12 മാസത്തെ പ്രതിഫലത്തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം 7,66,500/- രൂപ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക വികസന ഫണ്ടിൽ നിന്നുള്ള ചെലവായി പരിഗണിക്കുന്നതിനാൽ ചെലവുമായി ബന്ധപ്പെട്ട അറ്റന്റൻസ് രേഖകളും ബ്ലോക്ക് സി.ഡി.പി.ഒ.യുടെ റിപ്പോർട്ടും പഞ്ചായത്ത് തലത്തിൽ പരിശോധനക്ക് വിധേയമാക്കി തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരമുള്ള ഉറപ്പ് വരുത്തൽ നടത്തിയിട്ടില്ല. അപാകത പരിഹാരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

3-6 എസ്.സി വിഭാഗം/എസ്.റ്റി വിഭാഗം പി.വി.സി വാട്ടർ ടാങ്ക്-- ഗുണഭോക്തൃവിഹിതം മുഴുവൻ തുകയും അടവാക്കാത്തത് - സംബന്ധിച്ച്

പ്രോജക്ട് നം.	33/19	166/19
പ്രോജക്ടിന്റെ പേര്	1)എസ്.സി വിഭാഗം വിഭാഗം പി.വി.സി വാട്ടർ ടാങ്ക്	2)എസ്.റ്റി വിഭാഗം പി.വി.സി വാട്ടർ ടാങ്ക്
നിർവ്വഹണോദ്യഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി
വകയിരുത്തിയ തുക	പദ്ധതി വിഹിതം-342000 ഗുണഭോക്തൃവിഹിതം-114000	പദ്ധതി വിഹിതം-48000 ഗുണഭോക്തൃവിഹിതം-16000
ചെലവഴിച്ച തുക	പദ്ധതി വിഹിതം-342000 ഗുണഭോക്തൃവിഹിതം-106000	പദ്ധതി വിഹിതം-48000 ഗുണഭോക്തൃവിഹിതം-11000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ 33/19 നമ്പർ പ്രോജക്ട് പ്രകാരം 114 ഗുണഭോക്താക്കൾക്കായി ഒരു പി.വി.സി വാട്ടർ ടാങ്കിന് 3990/- രൂപ നിരക്കിൽ 114 വാട്ടർ ടാങ്കുകൾക്ക് പദ്ധതി വിഹിതം 3,42,000/- രൂപയും ഗുണഭോക്തൃവിഹിതം 1,06,000/- രൂപയും കണ്ടത്തിചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന് അടവാക്കിയിട്ടുണ്ട്. ഒരു പി.വി.സി വാട്ടർ ടാങ്കിന് 3000 രൂപ പദ്ധതി വിഹിതവും 990/-രൂപ ഗുണഭോക്തൃവിഹിതവുമാണ് അടവാക്കിയത്. 16 വാട്ടർ ടാങ്കുകൾക്ക് 1,12,860/- രൂപയാണ് ആകെ ഗുണഭോക്തൃവിഹിതമിനത്തിൽ അടവാക്കേണ്ടിയിരുന്നത്. എന്നാൽ 1,06,000/- രൂപ

മാത്രമെ അടവാക്കിയിട്ടുള്ളൂ. എന്നാൽ പദ്ധതി വിഹിതം മുഴുവൻ തുകയും അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ 6,860/- രൂപയുടെ കുറവുണ്ട്.

166/19 നമ്പർ പ്രോജക്ട് പ്രകാരം 16 ഗുണഭോക്താക്കൾക്കായി ഒരു പി.വി.സി വാട്ടർ ടാങ്കിന് 3990/- രൂപ നിരക്കിൽ 16 വാട്ടർ ടാങ്കുകൾക്ക് പദ്ധതി വിഹിതം 48,000/- രൂപയും ഗുണഭോക്തൃവിഹിതം 11,000/- രൂപയും കണ്ടത്തിചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന് അടവാക്കിയിട്ടുണ്ട്. ഒരു പി.വി.സി വാട്ടർ ടാങ്കിന് 3000/- രൂപ പദ്ധതി വിഹിതവും 990/- രൂപ ഗുണഭോക്തൃവിഹിതവുമായാണ് അടവാക്കിയത്. 16 വാട്ടർ ടാങ്കുകൾക്ക് 15,840/- രൂപയാണ് ആകെ ഗുണഭോക്തൃവിഹിതമിനത്തിൽ അടവാക്കേണ്ടിയിരുന്നത്. എന്നാൽ 11,000/- രൂപ മാത്രമെ അടവാക്കിയിട്ടുള്ളൂ. എന്നാൽ പദ്ധതി വിഹിതം മുഴുവൻ തുകയും അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ 4840/- രൂപയുടെ കുറവുണ്ട്. ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3-7 സ്വാന്തന പരിചരണ പരിപാടി- രോഗീ ബന്ധു സംഗമം മാർഗ്ഗ രേഖ ലംഘനം - തുക അധികമായി ചെലവഴിച്ചു

പ്രോജക്ട് നം. S0106/19	പാലിയേറ്റീവ് കെയർ
ആകെ അടങ്കൽ	6,50,000/-
ആകെ ചെലവ്	6,50,000/-

മേൽ പ്രോജക്ടിനായി ബ്ലോക്ക് വിഹിതമായി ട്രഷറി ചെക്ക് നം.1377155 തിയതി 19.03.2019 പ്രകാരം ലഭിച്ചിട്ടുള്ള 61,600/- രൂപയിൽ പാലിയേറ്റീവ് കെയർ രോഗീ ബന്ധു സംഗമം നടത്തുന്നതിനായി ചെലവഴിച്ച 25000/- രൂപയുടെ വൗച്ചർ പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് നം. 3217/2015/തസ്വഭവ തിയതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പാലിച്ചിട്ടില്ലാത്തതായി കാണുന്നു. ഇപ്രകാരം നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണ ചെലവിലേക്കായി ആൾ ഒന്നിന് 60/- രൂപ വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. അധികം തുക വേണ്ടി വരുകയാണങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ രോഗീ ബന്ധു സംഗമം നടത്തുന്നതിനായുള്ള ഭക്ഷണ ചെലവിലേക്കായി 100 പേർക്കായി ആൾ ഒന്നിന് 100/- വച്ച് 10000/- രൂപയും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി 15000/- രൂപയും പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചതുമൂലം ഉണ്ടായ അധിക ചെലവ് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03 ന് മറുപടി നൽകിയിട്ടില്ല.

മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ചെലവഴിച്ച തുക 16000/- (100x40 + 12000) ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3-8 മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരേക്കേണ്ടതാണ്

1) ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നം. S0004/19

അടങ്കൽ- 800000/-

ചെലവ്- 800000/-

ബിൽ നം. 2/18-19 തീയതി 29.09.2018 പ്രകാരം ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ കേരള ലിമിറ്റഡിന് 8,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഇതുവരെ 7,53,239/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 46,761/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) മെഡിക്കൽ ഓഫീസർ P.H.C നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ബിൽ നം. 11/18-19തിയതി 12.03.2019 പ്രകാരം 50000/- രൂപ കൈമാറിയിരുന്നു. രേഖകൾ പരിശോധിച്ചതിൽ ഇതുവരെ മരുന്ന് ലഭ്യമായിട്ടില്ല. 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-9 പദ്ധതികൾ പൂർത്തികരിച്ചിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

2018-19 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പുനർ വൈദ്യുതീകരണം പദ്ധതിക്കായി ബിൽ നം. 16/18-19 തിയതി 18.03.2019 പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ പൊതുമരാമത്ത് കെട്ടിട വിഭാഗം, കോട്ടയത്തിന് 8443-00-108-FW എന്ന ശീർഷകത്തിൽ 26.03.2019- ൽ 200000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും ജോലികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

ജോലിയുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടിവ് എൻജിനീയർ പൊതുമരാമത്ത് കെട്ടിട വിഭാഗവുമായി കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പി.എച്ച്.സി. ക്ക് ഫോട്ടോകോപ്പിയർ, പ്രിന്റർ വാങ്ങൽ പദ്ധതിയിൽ ബിൽ നം. 16/18-19 തീയതി 18.03.2019 പ്രകാരം കെൽട്രോൺ ഐ.റ്റി ബിസിനസ് ഗ്രൂപ്പിന് ട്രഷറി അക്കൗണ്ട് നം. 799011400003959- ലേക്ക് 72296/- രൂപ കൈമാറിയതിൽ 55631/- രൂപയുടെ ഫോട്ടോ കോപ്പിയർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പ്രിന്റർ (Rs. 16665/-) ഇതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ചും തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും പുനർ വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിക്കാത്തത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 2,16,665/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പ്രിന്റർ ലഭ്യമാക്കിയതിന്റെ രേഖകൾ, പുനർ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-10 സമഗ്ര തെങ്ങ് കൃഷി വികസനം-തെങ്ങുതൈ വിതരണം ചെയ്യാത്തത് സംബന്ധിച്ച്

പ്രോജക്ട് നം	137/19
പ്രോജക്ടിന്റെ പേര്	സമഗ്ര തെങ്ങ് കൃഷി വികസനം
നിർവ്വഹണോദ്യഗസ്ഥൻ	കൃഷി ഓഫീസർ
വകയിരുത്തിയ തുക	187000 (100000-plan,87000-BC)
ചെലവഴിച്ച തുക	187000 (ബിൽ നം.18090552014601449891/21.03.2019)

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ മേൽസൂചിത പ്രോജക്ട് പ്രകാരം 50 ഗുണഭോക്താക്കൾക്കായി ഒരു തെങ്ങുതൈക്ക് 500 രൂപ നിരക്കിൽ 374 തെങ്ങുതൈകൾക്ക് 187000 രൂപ കോഴ സീഡ് ഫാമിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തൈകൾ വിതരണം ചെയ്തതിന്റെ രേഖകളില്ല. കാർഷികമേഖലയിലെ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവിനനുസൃതമായി അനുബന്ധ പ്രവർത്തനങ്ങളും സമയബന്ധിതമായി ഏറ്റെടുക്കേണ്ടതാണ്. വിശദീകരണമാവശ്യപ്പെട്ട് നൽകിയ 4/15.07.2019 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തെങ്ങിൻതൈകൾ ഉടൻ വിതരണം ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമായി. അപാകത പരിഹരിക്കുന്നതിലേക്കായി ടിയിനത്തിൽ ചെലവഴിച്ച 1,87,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

3-11 ലൈഫ് ഭവനപദ്ധതി-അവലോകനം

ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടത്തിനായി 2018-19 വർഷം ജനറൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി താഴെപറയും പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നം.	പേര്	ചെലവ്	ഫണ്ട്	ലോൺ
125/19	ലൈഫ് ഭവനപദ്ധതി	3313800	എസ്.സി.പി-2653800 ബ്ലോക്ക് പഞ്ചായത്ത്-660000	---------
130/19	ലൈഫ് ഭവന നിർമ്മാണം	6164559	വികസനഫണ്ട്-3314900 ജില്ലാപഞ്ചായത്ത്-406993 ബ്ലോക്ക് പഞ്ചായത്ത്-622666	KURDFC-1820000

പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 19 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. ഇതിൽ 8 പേർ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 11പേർ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. എസ്.സി.വിഭാഗത്തിൽ 8 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടതിൽ 5 പേർ പണി പൂർത്തീകരിച്ചിട്ടുണ്ട്. എസ്.റ്റി വിഭാഗത്തിലുള്ള ഒരു ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ ഇനത്തിൽ ലഭിച്ച 18,20,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

3-12 ജി എസ് റ്റി കുറവ് ചെയ്തിട്ടില്ല

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2% ജി എസ് റ്റി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ വേലമൂല്യം വരുന്ന താഴെപറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി എസ് റ്റി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.നിർവ്വഹണോദ്യോഗസ്ഥൻ -അസി.എഞ്ചിനിയർ

പ്രോജക്ട് നം. പേര്	കരാറുകാരൻ	ആകെ വേലമൂല്യം	ഈടാക്കേണ്ടിയിരുന്ന തുക	വൗച്ചർ നം.
191/19 ബയോകമ്പോസ്റ്റ് പ്ലാന്റ്	ജോണി ജോസഫ്	938085	18762	21800733/23.11.2018 (ബിൽ നം 16/27.10.18)
198/19 എസ് കെ വി മാർക്കറ്റ് മെയിന്റനൻസ്	ജോണി ജോസഫ്	349971	6999	21800623/16/102018 (ചെക്ക് നം. 609737/16.10.18)

തുക ഈടാക്കത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത നിരക്കിൽ നികുതി കുറവ് ചെയ്യാത്തതിന്റെ കാരണം ബോദ്ധ്യപ്പെടുത്തുകയോ കരാറുകാർ നികുതി ബാധ്യത സ്വന്തം നിലയിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

2.നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്ട്	പ്രോജക്ട് നം.24/19 തെരുവ്വിളക്കുകൾ സ്ഥാപിക്കൽ
ചെലവ്	740911
വൗച്ചർ നമ്പർ	21800894/28.12.2018 തുക 493207 ചെക്ക് നം. 13771783/28.12.2018-247704

മേൽ പ്രോജക്ട് പ്രകാരം 12 watt LED Street Light 285 എണ്ണവും 24 watt LED Street Light 23 എണ്ണവും KREWS ൽ നിന്നും വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയതിന് 740911 രൂപ KREWSന് നൽകിയിട്ടുണ്ട്. (ഇൻവോയിസ് നം KREWS 49/18-19 23.10.18) ഇടപാടുമായി ബന്ധപ്പെട്ട നികുതിവിഹിതങ്ങൾ വിതരണ ഏജൻസി ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല. നിശ്ചിത തുകയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്കും ഇടപാടുകൾക്കും നൽകുന്ന പ്രതിഫല തുകയിൽ നിന്നും സ്രോതസ്സിൽ ആദായനികുതിയും കുറവ് ചെയ്യേണ്ടതാണ്. ഇടപാടുമായി ബന്ധപ്പെട്ട നികുതി വിഹിതങ്ങൾ ഒടുക്കിയതിന്റെയോ നിയമപരമായി നികുതിയിൽ നിന്നും ഒഴിവ് (ഇളവ്) ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയൊ വിവരം ലഭ്യമാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3-13 കരാർലംഘനം നടത്തിയ കരാറുകാരനെതിരെ മരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് നം. 27/18 അരുണാശ്ശേരി കുരിശുംമൂട് റോഡ് റീടാറിംഗ്, 20/18 ഇടക്കുംമറ്റം കുരിശുംമൂട് റോഡ് റീടാറിംഗ്, 40/18 കല്ലിറക്കും കാല ചീരകുളങ്ങര റോഡ് സൈഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ ശ്രീ. സി. പി. ദേവസ്യാച്ചൻ കരാർ വെച്ച് പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല. 3 തവണ രേഖാമൂലം അറിയിച്ചിട്ടും കോൺട്രാക്ടറുടെ ഭാഗത്തു നിന്നും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ടി കോൺട്രാക്ടറെ ഒഴിവാക്കി തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന ജിത്തു ഷാജിക്ക് പ്രവൃത്തി നൽകാൻ 18/09/18 ലെ കമ്മിറ്റി തീരുമാനിച്ചിരുന്നു. കരാർ ലംഘനം നടത്തിയ ആദ്യ കോൺട്രാക്ടർക്കെതിരെ മരാമത്ത് ചട്ടങ്ങൾ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽ കൂട്ടുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 16) ട്രഷറി നിക്ഷേപമായി ഈടാക്കിയിരുന്ന ഡെപ്പോസിറ്റ് തുക മുതൽ കൂട്ടുന്നതിന് ട്രഷറിയെ സമീപിച്ചിരുന്നെങ്കിലും രേഖാമൂലം ആവശ്യപ്പെടാത്തതിനാൽ പഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റി ലഭിച്ചില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

3-14 വൃദ്ധർക്ക് വിശ്രമകേന്ദ്രം- നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല

കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയതായിരുന്ന വൃദ്ധർക്ക് വിശ്രമകേന്ദ്രം എന്ന പ്രോജക്ട്. ടി കെട്ടിടം പണിയാനുദ്ദേശിക്കുന്ന സ്ഥലം റോഡ് നിരപ്പിൽ നിന്നും താഴ്ചയിലായതിനാൽ സെല്ലാർ ലെവലിൽ കോളം വാർക്കുന്നത് വരെയുള്ള എസ്റ്റിമേറ്റാണ് പ്രസ്തുത പ്രോജക്ടിലുൾപ്പെടുത്തിയിരുന്നത്. 2016-17 വർഷം 8,33,440/- രൂപ വകയിരുത്തിയിരുന്നെങ്കിലും പണി ആരംഭിക്കുവാൻ വൈകിയിരുന്നതിനാൽ 2017-18 വർഷം തുടർ പ്രവൃത്തികളുൾപ്പെടെ പൂർത്തീകരിക്കുന്നതിന് 18,77,100/- രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചു. പ്രസ്തുത വർഷവും തുക ചെലവഴിക്കുവാൻ സാധിക്കാതെ വന്നതിനാൽ 2018-19 വർഷം സ്പിൽ ഓവറായി പദ്ധതി തുടരുകയും (210/18-19) 8,21,666/- രൂപ ചെലവഴിക്കുകയും ചെയ്തു. അതോടൊപ്പം 2018-19 വർഷം തന്നെ 5,00,000/- രൂപ വകയിരുത്തി വൃദ്ധർക്ക് വിശ്രമകേന്ദ്രം സെക്കന്റ് സ്റ്റേജ് എന്ന പേരിൽ മറ്റൊരു പ്രോജക്ട് (നം.224/18-19) ആവിഷ്കരിക്കുകയും 4,96,653/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 17.07.19 തീയതിയിൽ പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരോടൊപ്പം സ്ഥല പരിശോധന നടത്തിയതിൽ സെല്ലാർ ലെവലിൽ കോളം വാർക്കൽ, സൈഡ് പ്രൊട്ടക്ഷൻ വാൾ, പ്ലാസ്റ്ററിംഗ് എന്നിവയുൾപ്പെടെയുള്ള ബേസ്മെന്റ് നിർമ്മാണം മാത്രമാണ് നിലവിൽ

പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളതെന്ന് കണ്ടു. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ രണ്ട് പ്രോജക്ടുളിലായി 13,18,319/- രൂപ ചെലവഴിച്ചിട്ടും വൃദ്ധർക്ക് വിശ്രമകേന്ദ്രം എന്ന പ്രോജക്ട് ലക്ഷ്യം നാളിതുവരെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

ജി.ഒ.(എം.എസ്.)നം.362/2013തസ്വഭവ 16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി വിവിധ ഘട്ടങ്ങളുടെ നിർമ്മാണത്തിനായി പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കുന്നത് ശരിയായ നടപടിയല്ല. ഇപ്രകാരം മതിയായ ആസൂത്രണവും മുന്നൊരുക്കങ്ങളുമില്ലാതെയും പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിസാധ്യത വിലയിരുത്താതെയുമാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് കാണുന്നു.

പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി 2019-20 വർഷവും തുക വകയിരുത്തിയിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് സാധ്യമായ നടപടികൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും അടിയന്തിരമായി ഉണ്ടാകേണ്ടതും കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്. കൂടാതെ ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പദ്ധതിയുടെ എല്ലാ പ്രവൃത്തികളും ചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3-15 ആശ്രയ പദ്ധതി - പ്ലാൻഫണ്ട് തുകകൾ പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം -18/ 19

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 900000/ രൂപ പിൻവലിച്ച് (വൗച്ചർ നം. 21800985/17.1.2019) കുടുംബശ്രീയുടെ സിൻഡിക്കേറ്റ് ബാങ്കിലെ 10001593 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ പ്ലാൻ ഫണ്ടുൾപ്പെടെയുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഘട്ടം	ചലഞ്ച് ഫണ്ട്	പ്ലാൻ ഫണ്ട്	പലിശ
ഒന്നാം ഘട്ടം	338818.96	-	316811*
രണ്ടാംഘട്ടം	253193	1170000	64173**

*പ്ലാൻ ഫണ്ട് പലിശ 1,32,432/- രൂപ ഉൾപ്പെടെ

**പ്ലാൻ ഫണ്ട് പലിശ 35,448/- രൂപ ഉൾപ്പെടെ

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിക്കുമ്പോൾ പ്ലാൻ ഫണ്ടിൽ മാത്രം 11,70,000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക ചെലവഴിക്കാത്തതിനും വികസനഫണ്ട് മുൻകൂർ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 20) ഗുണഭോക്താക്കൾ തുക വിനിയോഗിക്കുന്നതിൽ കാലതാമസം വരുത്തിയതതിനാലാണ് തുക വിനിയോഗിക്കാത്തതെന്നുള്ള മറുപടി അംഗീകരിക്കാനാവില്ല. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. പ്ലാൻ ഫണ്ട് തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2018-19 വർഷം ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നൽകിയ 9,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി അക്കൗണ്ടുകളുടെയും ഇടപാടുകളുടെയും ക്രമീകരണങ്ങൾ നടത്തി തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

3-16 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും റിക്കവറികൾ ഈടാക്കിയിട്ടില്ലാത്തതിനാൽ കരാറുകാർക്ക് അധിക തുക നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിരുന്നു. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട റിക്കവറികൾ ഈടാക്കാഞ്ഞതിനാൽ കരാറുകാരന് അധിക തുക ലഭിക്കാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	കരാറുകാരൻ	ആകെ വേലമൂല്യം	ഈടാക്കേണ്ട തുക		
			ആദായ നികുതി (1%), ക്ഷേമനിധി ബോർഡ് വിഹിതം (1%), ആകെ		
പ്രോജക്ട് 207/19 ഓർഗാനിക് ഷ്രെഡ്ഡർ മെഷീനറി വാങ്ങൽ	സി.എൻ.ബാലകൃഷ്ണൻ	1,30,130	1301	1301	2602
പ്രോജക്ട് നം.204/19 കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷൻ പഞ്ചായത്തിന് വിട്ടുകിട്ടിയ ഒന്നാംനില ഭൗതിക സാഹചര്യമൊരുക്കൽ	അറ്റ്ലാന്റ കമ്പ്യൂട്ടേഴ്സ് ആലപ്പുഴ	5,71,776	5717	5717	11434

അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടയ്ക്കേണ്ടതാണ്.

3-17 കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷൻ-പഞ്ചായത്തിന് വിട്ടുകിട്ടിയ ഒന്നാം നിലയിലേക്ക് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല-- ഉടമസ്ഥാവകാശത്തിൽ അനിശ്ചിതത്വം

കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന വിവിധ സർക്കാരോഫീസുകൾ ഒന്നിച്ച് പ്രവർത്തിക്കുന്നതിന് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് തളിയിൽ മഹാദേവക്ഷത്രത്തിന് സമീപത്തുള്ള വസ്തു വിട്ടുകൊടുക്കുന്നതിന് അന്നത്തെ പൊതുമരാമത്ത് മന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ 29/07/2009ലെ കമ്മിറ്റി, കടുത്തുരുത്തി വില്ലേജ് സർവ്വേ നമ്പർ 943/9ൽ പെട്ട 35 സെന്റ് സ്ഥലം വിട്ടുനൽകാൻ തീരുമാനിക്കുകയും ടി നടപടിക്ക് സ.ഉ.(ആർ.റ്റി) 561/2010/തസ്വഭവ 22/2/2010 പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് നിർമ്മാണം പൂർത്തിയായാൽ മിനി സിവിൽ സ്റ്റേഷൻ കോംപ്ലക്സിലെ ഒന്നാം നില പഞ്ചായത്ത് ഓഫീസിന് വിട്ടു നൽകണമെന്നുള്ള വ്യവസ്ഥയും ടി ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 16.05.11ലെ എ2. 3424/09 നമ്പർ ഉത്തരവ് പ്രകാരം സ്ഥലം പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് കൈമാറിയിട്ടുണ്ട്. കെട്ടിടംപണി പൂർത്തിയാക്കി ആദ്യ നില കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് നിർമ്മാണത്തിന് വൈക്കം തഹസിൽദാരുടെ 10/12/18 ലെ എ2-12232/2018 നമ്പർ ഉത്തരവ് പ്രകാരം താൽക്കാലികമായി വിട്ടു നൽകി. അതിനാൽ ഗ്രാമപഞ്ചായത്ത് 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച് ഫർണിഷ് ചെയ്തിട്ടുണ്ട്. കറന്റ് കണക്ഷനുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിച്ചപ്പോഴാണ് സ്ഥലവുമായി ബന്ധപ്പെട്ട് ഉടമസ്ഥാവകാശതർക്കമുണ്ടായത്. നാളിതുവരെ പഞ്ചായത്തിന്റെ പ്രവർത്തനം പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല. ഈ വിഷയം എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥതയെപറ്റി തർക്കം ഉണ്ടായെന്നും വില്ലേജ് റെക്കോർഡുകളിൽ ഭൂമി കൊട്ടാരം വക എന്ന് രേഖപ്പെടുത്തിയതിനാലുമാണ് പ്രവർത്തനം ആരംഭിക്കാത്തതെന്നും അറിയിച്ചു. കാര്യാലയത്തിന്റെ ഭൗതികസാഹചര്യം മെച്ചപ്പെട്ടിട്ടുണ്ട് എന്ന നേട്ടം കൂടി ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കറ്റ് നൽകിയത്. ആയതിനാൽ പ്രസ്തുത ഭൂമി നിരാക്ഷേപമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെത്തിയതിന്റെ രേഖകൾ ഹാജരാക്കി തർക്കം ഒഴിവാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം പ്രസ്തുത കെട്ടിടത്തിൽ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള അനിശ്ചിതാവസ്ഥ ഫലപ്രദവും നിയമപരവുമായ നടപടികളിലൂടെ എത്രയും വേഗം മറികടക്കേണ്ടാണ്. അധികൃതരുടെ സജീവ ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

3-18 വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

1. <u>കന്നുകുട്ടിപരിപാലനം</u>

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം.116/19) 68 ഗുണഭോക്താക്ക് ആനുകൂല്യം ലഭിക്കുന്നതിനായി 4,25,000/- (ബിൽ നം. LSG 08/18-19/29-12-18) രൂപ വികസനഫണ്ടിൽനിന്നും പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേരുടെ അക്കൗണ്ടിലേക്ക് (നം.708011400000050)നൽകിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണകാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 4,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. <u>പിഎഎഎവൈ അധികവിഹിതം (ജനറൽ)</u>

പ്രോജക്ട് നം.	29/19
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ

ചെലവ്	350000
ഫണ്ടിനം	വികസന ഫണ്ട്
ബിൽ നം.	01/18-19/10.05.18

മേൽ പ്രോജക്ട് നടത്തിപ്പിനായി കടുത്തുരുത്തി ബി.ഡി.ഒ.യുടെ അക്കൗണ്ടിലേക്ക് (നം.6627034796) 3,50,000/- രൂപ മാറ്റി നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 3,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക്പഞ്ചായത്ത്, കടുത്തുരുത്തി	22.09.2018	100000	പാലിയേറ്റീവ് കെയർ	100000	--
ബ്ലോക്ക്പഞ്ചായത്ത്, കടുത്തുരുത്തി	13.07.2018	660000	ലൈഫ് ഭവനപദ്ധതി	660000	--
ബ്ലോക്ക്പഞ്ചായത്ത്, കടുത്തുരുത്തി	15.09.2018	187000	പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി	187000	--
ബ്ലോക്ക്പഞ്ചായത്ത്, കടുത്തുരുത്തി	18.05.2018	1000000	മാലിന്യ നിർമ്മാർജ്ജനം	149859	850141
ബ്ലോക്ക്പഞ്ചായത്ത്, കടുത്തുരുത്തി	13.07.2018 15.09.2018	622666	ലൈഫ് ഭവനപദ്ധതി	622666	--
ബ്ലോക്ക്പഞ്ചായത്ത്, കടുത്തുരുത്തി	27.12.2018	484662	വൃദ്ധർക്ക് വിശ്രമകേന്ദ്രം രണ്ടാം ഘട്ടം	484662	--
ബ്ലോക്ക് പഞ്ചായത്ത്, കടത്തുരുത്തി	11.03.2018 11.03.2018 11.03.2018	652900 427800 100000	പെട്ടിപറ (201/19) പെട്ടിപറ മോട്ടോർ (പെട്ടിപറ)	480000 326000 98125	
ജില്ലാപഞ്ചായത്ത്, കോട്ടയം	22.09.2018	350553	ലൈഫ് ഭവനപദ്ധതി	--	350553
ജില്ലാപഞ്ചായത്ത്, കോട്ടയം	5.09.2018	225000	അംഗൻവാടി പൂരകപോഷകാഹാരം	225000	--
ജില്ലാപഞ്ചായത്ത്, കോട്ടയം	22.09.2018	406993	ലൈഫ് ഭവനപദ്ധതി	406993	--
ജില്ലാപഞ്ചായത്ത്, കോട്ടയം	20.03.2019	1000000	കിണർ റീചാർജ്ജിംഗ്	1000000	--

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	ലൈൻ എക്സ്റ്റൻഷൻ	220188	യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.	--
പി ഡബ്ല്യൂ ഡി ബിൽഡിംഗ് ഡിവിഷൻ	പി എച്ച് സി റിപ്പയറിംഗ്	200000	യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.	

4-3. മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻവർഷം ലഭിച്ച വായ്പ	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
പഞ്ചായത്ത് ഭവനപദ്ധതി	ജിഒ (എംഎസ്) 83/13 ത.സ്വ.ഭ.വ	1,80,000	1,48,60,000	19,00,000	14,77,706	1,31,40,000
KURDFC ലോൺ വിഹിതം (ലൈഫ്)	G.O (MS) No. 68/18/ LSGD Dt. 18.05.18	--	18,20,000	--	--	18,20,000

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	7718975
തൻവർഷം നിക്ഷേപിച്ച തുക (മുൻവർഷത്തെ നിക്ഷേപത്തിന് ലഭിച്ച പലിശയിൽ എസ്.ബി അക്കൗണ്ടിൽ വരവ് വെച്ചത് ഒഴികെയുള്ള പലിശ ഉൾപ്പെടെ പുതുക്കി)	389776
ആകെ	8108751
തന്നാണ്ടിൽ പിൻവലിച്ച തുക	--
വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിര നിക്ഷേപം	8108751
വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ	
നിക്ഷേപത്തിന്റെ വിവരം	തുക
എഫ്.ഡി സിൻഡിക്കേറ്റ് ബാങ്ക്, കടുത്തുരുത്തി	1328633
എഫ്.ഡി കാനറാ ബാങ്ക് , കടുത്തുരുത്തി	2016163
ആർ.എസ്.സി.ബി	4763955
ആകെ	**8108751**

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും നിലവിലില്ല.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	10,26,29,883
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	8,75,69,771
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	16,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	31,54,114

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-7		16000	ഡോ. ജോഷിദേവ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	220188	ശ്രീ. മാത്യു കെ. ഡാനിയൽ, സെക്രട്ടറി
3-3	83300	ശ്രീ. മാത്യു കെ. ഡാനിയൽ, സെക്രട്ടറി
3-4(1)	121300	ശ്രീ പ്രകാശൻ കെ., ഹെഡ്മാസ്റ്റർ
3-4(2)	54000	ശ്രീ പ്രകാശൻ കെ., ഹെഡ്മാസ്റ്റർ
3-4(4)	499900	ശ്രീ പ്രകാശൻ കെ., ഹെഡ്മാസ്റ്റർ
3-5	766500	ശ്രീ മാത്യു. കെ. ഡാനിയൽ, സെക്രട്ടറി
3-8(1)	46761	ഡോ. ഇന്ദു സേവ്യർ മെഡിക്കൽ ഓഫീസർ, ആയുർവേദം
3-8(2)	50000	ഡോ ജോഷിദേവ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി
3-9	216665	ഡോ ജോഷിദേവ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി
3-10	187000	ശ്രീമതി ആഷ്‌ലി മാത്യൂസ്, കൃഷി ഓഫീസർ
3-15	900000	ശ്രീ മാത്യു കെ. ഡാനിയൽ, സെക്രട്ടറി
3-18(1)	425000	ഡോ. രാജി ജെയിംസ്, വെറ്റിനറി സർജൻ
3-18(2)	350000	ശ്രീമതി ഷീജാമോൾ ആർ. വി.ഇ.ഒ.
ആകെ	3154114	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക 2-1-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ജോഷിദേവ്	മെഡിക്കൽ ഓഫീസർ, പി എച്ച് സി	സുധ ഭവനം, പറവൂർ പി.ഒ. പൂഴിക്കര, കൊല്ലം

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.കെ.പി4/245/99/Adalath 29.05.14
1999-00	കെ.എസ്.എ-കെ.റ്റി.എംപി8(അദാ.2018)/41(1)/2018/28.03.18
2000-01	കെ.എസ്.എ-കെ.റ്റി.എംപി8(അദാ.2018)/41(2)/2018/28.03.18
2002-03	കെ.എസ്.എ-കെ.റ്റി.എംപി8(അദാ.2018)/41(3)/2018/28.03.18
2008-09	കെ.എസ്.എ-കെ.റ്റി.എംപി8(അദാ.2018)/41(6)/2018/28.03.18
2009-10	കെ.എസ്.എ-കെ.റ്റി.എംപി8(അദാ.2018)/41(7)/2018/28.03.18
2010-11	കെ.എസ്.എ-കെ.റ്റി.എംപി8(അദാ.2018)/41(8)/2018/28.03.18
2011-12	എൽ.എഫ്.കെ.പി9/1223/13/13.6.14

2012-13	എൽ.എഫ്.കെ.പി9/675(a)/15/2.9.15
2013-14	കെ.എസ്.എ-കെ.ടി.എം.പി9/2/16/5.2.16
2014-15	കെ.എസ്.എ-കെ.ടി.എം.പി9/969/16/14.7.16
2015-16	കെ.എസ്.എ-കെ.ടി.എം.പി8/1828/17/30.04.18
2016-17	കെഎസ്എ.കെടിഎം.പി.8/1829/2017/19-01-2018
2017-18	കെഎസ്എ.കെടിഎം.പി.8/2018/2018/26.112018

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം,

അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി8-1120/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 27.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം